# വ്യാപാരകേരളം

സമ്പൂർണ്ണ മാസികയും വാർത്താപത്രികയും

ലക്കം 8 പേജുകൾ 21 നവംബർ 2019



അഭിമാനിക്കാം അഭിജിതിലൂടെ

മാടമ്പിന്റെ സിനിമകൾ

കാറ്റിൽ പറക്കുന്ന കുതിരകൾ

പാപ്പരത്തം; കൂടുതൽ വിശകലനങ്ങൾ

എഴുത്തും കുത്തും

മുഖച്ചിത്രം: നിർമ്മല കോളജ്, മേലൂർ, ചാലക്കുടി

ഓഫീസ്:
**വ്യാപാരകേരളം**
(ഓൺലൈൻ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

മാഗസിൻ എഡിറ്റർ:
സി. ആർ. രാജൻ

ടെക്നിക്കൽ ഡയറക്ടേഴ്സ്:
ജെഫി മാത്യു ജോസ്
മിലു മേരി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
റയൻ ജോസഫ്




ആഗോള ദാരിദ്ര്യനിർമാർജനം എന്നത് ഒരു സുന്ദരസ്വപ്നം മാത്രമല്ലെന്നും അതിന് ക്രിയാ വഴികളുണ്ടെന്നും തെളിയിച്ച സാമ്പത്തിക ശാസ്ത്രജ്ഞർക്കാണ് ഈ വർഷത്തെ സാമ്പത്തിക നൊബേൽ. ഇന്ത്യൻ വംശജൻ അഭിജിത് ബാനർജി നേടിയ ഈ അംഗീകാരം, ജുഗുപ്സയോടെ നോക്കി കണ്ട ഏതാനും ചിലരൊഴികെ, ഭാരതജനത ഒന്നടങ്കം അഭിമാനത്തോടെയാണ് ഈ വാർത്ത നെഞ്ചേറ്റിയത്. അതേക്കുറിച്ചൊരു വിശകലന ലേഖനം ഈ ലക്കത്തിൽ ചേർത്തിട്ടുണ്ട്. പ്രശസ്ത പത്രപ്രവർത്തകനായ ഫ്രാങ്കോ ലൂയിസ് ആണ് ലേഖകൻ.

മുൻപൊരു ലക്കത്തിൽ തുടങ്ങിവെച്ച പാപ്പരത്ത നിയമത്തിന്റെ വിവിധ വശങ്ങൾ വിശദീകരിക്കുന്ന ലേഖനത്തിന്റെ തുടർച്ച, രാജേഷ്കുമാർ കെ. പിള്ള എഴുതിയിട്ടുണ്ട്.

നോവലിസ്റ്റും തിരക്കഥാകൃത്തും നടനുമായ മാടമ്പ് കുഞ്ഞുകുട്ടന്റെ സിനിമകൾ, പ്രൊഫ. കെ.പി.ശങ്കരൻ നിർവഹിച്ച പുസ്തക പരിചയം, പ്രവാസിയായ കാരൂർ സോമന്റെ യാത്രാനുഭവം - കാറ്റിൽ പറക്കുന്ന കുതിരകൾ എന്നിവക്കു പുറമെ, റിഥം ഓഫ് ലൈഫ്, മൈതാനം, എഴുത്തും കുത്തും എന്നീ പംക്തികളും ഈ ലക്കത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**-സി.ആർ.രാജൻ,**
മാഗസിൻ എഡിറ്റർ

## അറിയിപ്പ്

വ്യാപാരകേരളം.കോം സമ്പൂർണ മാസികയായും വാർത്താപത്രികയായും പരിഷ്കരിച്ചിരിക്കുന്നു. എല്ലാ ഒന്നാം തീയതികളിലും മാസിക പ്രസിദ്ധീകരിക്കും. അതത് ദിവസത്തെ വാർത്തകൾ 'കാപ്സ്യൂൾ' രൂപത്തിൽ 'News' വിഭാഗത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. തിരക്കേറിയ പ്രഭാതങ്ങളിൽ വാർത്തകൾ സമഗ്രമായി, ചുരുങ്ങിയ സമയംകൊണ്ട് വായിച്ചറിയുവാൻ ഇതുപകരിക്കും.



# 40 കോടി ദരിദ്രരെ ഊട്ടിയ ദമ്പതിമാർ



ഫ്രാങ്കോ ലൂയിസ്

കതിരിന്മേലല്ല, തൈകളുടെ കടയ്ക്കലാണ് വളവും വെള്ളവും കൊടുത്തു പരിപോഷിപ്പിക്കേണ്ടത്. കൃഷിയിൽ മാത്രമല്ല, പ്രതിസന്ധികളുണ്ടാകുമ്പോൾ സാമ്പത്തിക രംഗത്തും ഇതേ തത്വത്തിനു പ്രസക്തിയുണ്ട്.

സാമ്പത്തിക ശാസ്ത്രത്തിൽ നോബേൽ സമ്മാനം പങ്കിട്ട ഇന്ത്യൻ വംശജൻ അഭിജിത് ബാനർജിയും എസ്തേർ ഡഫ്ളോയുമാണ് ഇക്കാര്യം നമ്മെ ഓർമിപ്പിക്കുന്നത്.

ആഗോള ദാരിദ്ര്യ നിർമാർജനത്തിനു താഴെ തട്ടിൽനിന്നു തന്നെ കർമപദ്ധതികൾ വേണമെന്ന് ഇവർ കണ്ടെത്തുകയും അതനുസരിച്ചു പദ്ധതികൾ തയാറാക്കി നടപ്പാക്കിക്കുകയും ചെയ്തതിന്റെ നേട്ടം ലോകരാജ്യങ്ങളിലെ 40 കോടി പാവങ്ങൾക്കു ലഭിച്ചതിനുള്ള അംഗീകാരമാണ് ഈ നോബേൽ പുരസ്കാരം.

ദാരിദ്ര്യ നിർമാർജന നയങ്ങൾ രൂപീകരിക്കാൻ സർക്കാരുകളേയും വിവിധ സന്നദ്ധ, ജീവകാരുണ്യ സംഘടനകളേയും സഹായിക്കുന്നതിന് 2003 ൽ ആരംഭിച്ച ജെ- പാൽ എന്ന പ്രസ്ഥാനത്തിലൂടെയാണ് അഭിജിത്തും പത്നി എസ്തേറും മാർഗ നിർദേശങ്ങൾ നൽകിയിരുന്നത്. അഭിജിതും എസ്തേറും സെന്തിൽ മുല്ലൈനാഥനും ചേർന്നാണ് ജെ- പാൽ ആരംഭിച്ചത്. ജെ -പാൽ എന്ന പ്രസ്ഥാനത്തിന്റെ മുഴുവൻ പേര് അബ്ദുൾ ലത്തീഫ് ജമീൽ പോവർട്ടി ആക്ഷൻ ലാബ് എന്നാണ്.

പണ്ടൊക്കെ സർക്കാർ വൻകിട പദ്ധതികൾ നടപ്പാക്കിയാൽ വിവിധ തലങ്ങളിലൂടെ പണം താഴെത്തട്ടിലേക്ക് എത്തുമെന്ന സങ്കൽപമാണുണ്ടായിരുന്നത്. സാമ്പത്തിക വികസനത്തിന് വമ്പൻ വ്യവസായങ്ങളും വികസന പദ്ധതികളും അടക്കമുള്ള ഡവലപ്മെന്റ് മോഡലുകൾ നടപ്പാക്കിയാൽ മതിയെന്ന പഴയ സങ്കൽപത്തെയാണ് അഭിജിത് തിരുത്തിക്കുറിക്കുന്നത്.

ദീർഘകാലത്തെ പഠനങ്ങളിൽനിന്നു നേടിയ വിജ്ഞാനമാണ് ഈ തിരുത്തലിനു പിറകിലെ ശക്തി. പാവങ്ങൾക്കൊപ്പം ജീവിച്ചും അവരുടെ ജീവിത രീതികളും പണം ചെലവഴിക്കുന്നതെങ്ങനെയെന്നു നിരീക്ഷിച്ചുമാണ് ആ ജ്ഞാനം നേടിയെടുത്തത്.

തൊഴിലും വരുമാനവും ഇല്ലാതാകുന്നതോടെ പാവങ്ങൾ എല്ലാ സാമ്പത്തിക ചെലവുകളും വെട്ടിക്കുറയ്ക്കും. ഭക്ഷണം, മക്കളുടെ വിദ്യാഭ്യാസം, കുടുംബത്തിന്റെ ആരോഗ്യ പരിപാലനം, വസ്ത്രം എന്നിങ്ങനെ എല്ലാ കാര്യങ്ങളും വെട്ടിച്ചുരുക്കും. മക്കളെ ഉപരിപഠനത്തിന് അയക്കാനാവില്ലെന്നല്ല, പ്രാഥമിക വിദ്യാഭ്യാസം നൽകാൻപോലും അയക്കാത്ത അവസ്ഥയാകും. വിദ്യാലയങ്ങളിൽനിന്ന് ഒരു നേരത്തെ ഭക്ഷണം കിട്ടുമെന്ന് ഉറപ്പുണ്ടെങ്കിൽ മാത്രമേ സ്കൂളിൽനിന്നുള്ള ചോർച്ച ഇല്ലാതാകൂ. മാതാപിതാക്കൾക്കോ മക്കൾക്കോ രോഗം ബാധിച്ചാൽ ചികിൽസിക്കില്ല. അത്രയേറെ ദുരിതപൂർണമാണു തൊഴിലും വരുമാനവും ഇല്ലാത്തവരുടെ ജീവിതം.

ഇക്കൂട്ടർക്കു സ്വന്തം കാലിൽ നിൽക്കാവുന്ന സ്ഥിതിയുണ്ടാക്കുകയാണ് സാമ്പത്തിക രംഗം മെച്ചപ്പെടാൻ ആദ്യം ചെയ്യേണ്ടതെന്നാണ് അഭിജിത്തിന്റെ ജെ- പാൽ എന്ന ദാരിദ്ര്യ നിർമാർജന ലാബ് മുന്നോട്ടുവച്ച ആശയം.

ഇതിനു പാവപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകളെക്കൂടി കർമനിരതരാക്കി. സ്വയംതൊഴിൽ സംസ്കാരം വളർത്തി. ഭർത്താവിനൊപ്പം ഭാര്യയും സ്വയം തൊഴിലിലൂടെ വരുമാനമാർഗം കണ്ടെത്തി. പരസ്പരം സഹായിക്കുന്ന കൂട്ടായ്മകളുണ്ടാക്കി. സ്ത്രീകളെ വീടുകളുടെ മാത്രമല്ല, സമൂഹത്തിന്റെ തന്നെ ഭരണതലപ്പത്തേക്കു കൊണ്ടുവന്നു.

ഓരോ കുടുംബത്തിനും ചെറിയ വരുമാനമെങ്കിലും ഉറപ്പാക്കുന്ന കർമപദ്ധതികളാണ് ദാരിദ്ര്യ നിർമാർജന ലാബ് മുന്നോട്ടുവച്ചത്. ചെറിയതോതിലെങ്കിലും വരുമാനം കിട്ടുന്ന പാവപ്പെട്ട കുടുംബങ്ങളെ ആ പണം മിതവ്യയത്തോടെ ചെലവാക്കാനുമ പരിശീലിപ്പിച്ചു.

ഇങ്ങനെ അടിത്തട്ടിൽനിന്ന് സാധനങ്ങൾക്കും സേവനങ്ങൾക്കും ഡിമാൻഡ് വർധിപ്പിച്ചുകൊണ്ടു വേണം ഓരോ രാജ്യത്തും സാമ്പത്തിക വളർച്ച നേടിയെടുക്കേണ്ടതെന്നാണ് ഈ ദമ്പതികൾ പഠിപ്പിക്കുന്ന ധനശാസ്ത്രം. ഡിമാൻഡ് വർധിക്കുമ്പോൾ സ്വാഭാവികമായും വാണിജ്യവും ഉൽപാദനം അടക്കമുള്ള വ്യവസായങ്ങളും വളരും. ഒപ്പം സമ്പദ് വ്യവസ്ഥയും. ഇതാണു അഭിജിത് മുന്നോട്ടുവയ്ക്കുന്ന ധനശാസ്ത്രം.

സാധാരണക്കാരുടെ ചെലവിൽ കോർപറേറ്റുകൾക്കും വൻ വ്യവസായികൾക്കും വാരിക്കോരി ആനുകൂല്യങ്ങൾ നൽകുന്ന നയത്തെ അഭിജിത് എതിർക്കുന്നു. കോർപറേറ്റുകളും വൻ വ്യവസായങ്ങളും വാണിജ്യ മേഖലയും വളരേണ്ടത് സാധാരണക്കാരുടേയും പാവങ്ങളുടേയും ക്രയശേഷിയിൽനിന്നാണെന്നു അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

കേരളം അടക്കം ഇന്ത്യയിലെത്തന്നെ പല സംസ്ഥാനങ്ങളും അഭിജിത്തിന്റെ ഉപദേശങ്ങൾ തേടിയിട്ടുണ്ട്. വിവിധ ദാരിദ്ര്യ നിർമാർജന പദ്ധതികൾക്കാണ് ഉപദേശങ്ങൾ നൽകിയിട്ടുള്ളത്.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പു കാലത്ത് കോൺഗ്രസും അഭിജിത്തിന്റെ സഹായം തേടി. ഇന്ത്യൻ സമ്പദ് വ്യവസ്ഥ പ്രതിസന്ധികളിലേക്കു നീങ്ങുകയാണെന്നും മറി കടക്കാൻ പാവപ്പെട്ടവർക്കു നിശ്ചിത വരുമാനം ഉറപ്പാക്കുകയാണു വേണ്ടതെന്നും അദ്ദേഹം നിർദേശിച്ചു. ഒരു കുടുംബത്തിനു മാസം ആറായിരം രൂപ വരുമാനം ഉറപ്പാക്കുന്ന 'ന്യായ്' പദ്ധതി ലോക്സഭാ തെരഞ്ഞെടുപ്പിനു കോൺഗ്രസിന്റെ പ്രകടനപത്രികയിലെ മുഖ്യ വാഗ്ദാനമായി മാറിയത് അങ്ങനെയാണ്. രാജ്യത്തെ 25 കോടി ദരിദ്രകുടുംബങ്ങളുടെ ക്രയശേഷി വർധിപ്പിച്ച് സമ്പദ് വ്യവസ്ഥയെ ചലനാത്മകമാക്കുന്ന പദ്ധതി. അങ്ങനെ സാമ്പത്തിക വളർച്ച കൈവരിക്കുക. താഴെനിന്ന് വളർത്തിക്കൊണ്ടുവരണം. ഇതാണ് അഭിജിത്തിന്റെ വിദ്യ.

അഭിജിത്ത് നോട്ടു നിരോധനത്തെ എതിർത്തത് സാമ്പത്തിക തകർച്ചയുണ്ടാക്കുമെന്ന മുന്നറിയിപ്പോടെയാണ്. വാണിജ്യ, വ്യവസായ മേഖലകളിൽ വർഷങ്ങളോളം നീളുന്ന മാന്ദ്യമുണ്ടാക്കുമെന്നും ചെറുകിട കർഷകരും ദരിദ്രരായ ജനങ്ങളും സാധാരണ ഇടത്തരക്കാർ വരേയും ദുരിതത്തിലാകുമെന്നും അന്നേ അദ്ദേഹം വിലയിരുത്തി.

സാമ്പത്തിക മാന്ദ്യവും പ്രതിസന്ധിയും മറികടക്കാൻ കോർപറേറ്റുകൾക്ക് കേന്ദ്ര സർക്കാർ അടിക്കടി ഇളവുകൾ പ്രഖ്യാപിച്ചപ്പോഴും അദ്ദേഹം ഭിന്നാഭിപ്രായം പ്രകടിപ്പിച്ചു. മാന്ദ്യവും പ്രതിസന്ധിയും മറികടക്കാൻ വിപണിയെ ഉണർത്തുകയാണു വേണ്ടത്. വിപണി ഉണരണമെങ്കിൽ ജനങ്ങളുടെ കീശയിൽ കാശുവേണം. കാശുണ്ടായാൽ പോരാ, വാങ്ങൽ ശേഷിക്കനുസരിച്ചു വാങ്ങുകയും വേണം. അങ്ങനെ വിപണി സജീവമായാൽ വ്യവസായങ്ങൾ വളരും.

**രാജ്യത്തെ 25 കോടി ദരിദ്രകുടുംബങ്ങളുടെ ക്രയശേഷി വർധിപ്പിച്ച് സമ്പദ് വ്യവസ്ഥയെ ചലനാത്മകമാക്കുന്ന പദ്ധതി. അങ്ങനെ സാമ്പത്തിക വളർച്ച കൈവരിക്കുക. താഴെനിന്ന് വളർത്തിക്കൊണ്ടുവരണം. ഇതാണ് അഭിജിത്തിന്റെ വിദ്യ.**

മഹാരാഷ്ട്രയിലെ ദുലെയിൽ 1961 ൽ ജനിച്ച് കൊൽക്കത്തയിൽ വളർന്ന പാരമ്പര്യമാണു അഭിജിത്തിന്റേത്. അച്ഛൻ ദീപക് കൊൽക്കത്ത പ്രസിഡൻസി കോളജിലും അമ്മ നിർമല കൊൽക്കത്ത സെന്റർ ഫോർ സ്റ്റഡീസ് ഇൻ സോഷ്യൽ സയൻസിലും ഇക്കണോമിക്സ് പ്രഫസർമാരായിരുന്നു. അച്ഛൻ അധ്യാപകനായ കൊൽക്കത്ത പ്രസിഡൻസിയിലായിരുന്നു ബിരുദ പഠനം. തുടർ പഠനം ഡൽഹിയിലെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലായിരുന്നു. അവിടെ ഇപ്പോഴത്തെ ധനമന്ത്രി നിർമല സീതാരാമൻ അദ്ദേഹത്തിന്റെ സഹപാഠിയായിരുന്നു. 1983 ൽ വിദ്യാർഥി യൂണിയൻ പ്രസിഡന്റിനെ പുറത്താക്കിയതിനെതിരേ അഭിജിത്തും സുഹൃത്തുക്കളും സമരം നയിച്ചു. വൈസ് ചാൻസലറെ ഘെരാവോ ചെയ്തു. പോലീസ് അറസ്റ്റു ചെയ്തു. കേസായി. അങ്ങനെ അഭിജിത്തിനും സഹപാഠികൾക്കും പത്തു ദിവസം തീഹാർ ജയിലിൽ കിടക്കേണ്ടിവന്നിട്ടുമുണ്ട്. കോൺഗ്രസ് ഭരിച്ചിരുന്ന കാലത്താണ് ഈ സംഭവം. പിന്നീട് കേസ് പിൻവലിച്ച് വിദ്യാർഥികളെ മോചിപ്പിക്കുകയായിരുന്നു.

1988 ൽ പിഎച്ച്ഡി നേടിയ ഇദ്ദേഹം ഇപ്പോൾ അമേരിക്കയിലെ മെസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ പ്രഫസറാണ്. നാൽപത്താറുകാരിയായ ഭാര്യ എസ്തേറും ഇതേ സ്ഥാപനത്തിലെ പ്രഫസറാണ്. ഇവിടെനിന്നുതന്നെയാണ് എസ്തേർ പിഎച്ച്ഡി ബിരുദം നേടിയത്. ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിൽ 1972 ലാണു ജനനം. ഗണിതശാസ്ത്ര പ്രഫസർ മൈക്കൽ ദഫ്ളോയുടേയും ഡോ. വയോലെയന്റേയും മകളാണ്. 2015 ലാണ് അഭിജിത്തും എസ്തേറും വിവാഹിതരായത്.

ഓരോ രാജ്യത്തിനും ഓരോ പ്രദേശത്തിനും യോജ്യമായ ദാരിദ്ര്യ നിർമാർജന പദ്ധതികളാണ് നിർദേശിക്കാറുള്ളത്. സമ്പദ് വ്യവസ്ഥ പരാജയപ്പെടുന്നിടത്ത്, പ്രത്യയശാസ്ത്രങ്ങൾക്ക് അന്ധത ബാധിക്കുമ്പോൾ നല്ല ധനശാസ്ത്രതത്ത്വങ്ങൾ നടപ്പാക്കേണ്ടിവരും. ഇരുവരും ഈയിടെ പുറത്തിറക്കിയ 'ഗുഡ് ഇക്കണോമിക്സ് ഫോർ ഹാർഡ് ടൈംസ്' എന്ന പുസ്തകത്തിൽ പറയുന്നു.




East Fort, **THIRUVANANTHAPURAM.** Ph: 0471-2570481 • Boat Jetty Road, **ALAPPUZHA.** Ph: 0477-2230071 • Dharmodhayam Building, Round East, **THRISSUR.** Ph: 0487-2331812 • T.B. Road, **KOTTAYAM.** Ph: 0481-2565015, 0481-2565016 • Hospital Road, **PERINTHALMANNA.** Ph: 04933-229637 • Near Municipal Bus Stand, R.S.Road, **PALAKKAD.** Ph: 0491-2530916.

/josalukkasjewellery TAMIL NADU | KARNATAKA | KERALA | ANDHRA | TELANGANA | PONDICHERRY Jos Alukkas group

# കിട്ടാകടങ്ങളും ഇൻസോൾവെൻസി നിയമവും – 2



**രാജേഷ്കുമാർ കെ. പിള്ള,**
ചെയർമാൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ തൃശൂർ ചാപ്റ്റർ

വ്യാപാര കേരളത്തിന്റെ കഴിഞ്ഞ ലക്കത്തിൽ ഇൻസോൾവെൻസി നിയമത്തിലൂടെ ധനകാര്യ സ്ഥാപനങ്ങൾക്ക് തങ്ങളുടെ കിട്ടാകടങ്ങൾ വീണ്ടെടുക്കാനുള്ള മാർഗങ്ങളാണ് നാം പരിഗണിച്ചത്. ഈ നിയമം നിലവിൽ വന്നു രണ്ടു വർഷം പിന്നിടുമ്പോഴേക്കും നിരവധി കമ്പനികൾ ഇതിനകം പാപ്പരത്ത പരിഹാരത്തിനായി അപേക്ഷ സമർപ്പിക്കുകയും നിരവധിയായ വിധികൾ NCLT (National Company Law Tribunal )NCLAT (National Company Law Apallet Tribunal )Supreme Court എന്നീ കോടതികൾ പുറപ്പെടുവിച്ചും കഴിഞ്ഞു. ഇൻസോൾവെൻസി നിയമത്തിന്റെ വിശകലനംഅവസാനിപ്പിക്കുന്നതിലേക്കായി വളരെ പ്രധാനപ്പെട്ടതും പലകാരണങ്ങളാൽ മാധ്യമ ശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്ത് ഒരുകമ്പനിയുടെ റെസൊല്യൂഷൻ പ്ലാനും അതുപോലെ തന്നെ സാധാരണക്കാർക്ക് ഇൻസോൾവാൻസി നിയമത്തിന്റെ സംരക്ഷണം ഉറപ്പുനല്കാൻ നിയമത്തിൽ വരുത്തിയ മാറ്റത്തെയും കുറിച്ച്ഈ ലേഖനത്തിൽ നമുക്ക് പരിശോധിക്കാം.

### 1. ഇൻസോൾവെൻസി അപ്ലിക്കേഷൻ- Bhushan Power and Steel Ltd.

സെപ്റ്റംബർ മാസം 5നു NCLT പ്രിൻസിപ്പൽ ബെഞ്ച്, ന്യൂഡൽഹി Bhushan power and Steel Ltd. എന്ന കമ്പനിയുടെ ഇൻസോൾവെൻസി റെസൊല്യൂഷൻ പ്ലാൻ അംഗീകരിച്ചുകൊണ്ട് വിധി പുറപ്പെടുവിച്ചു. കഴിഞ്ഞ ലക്കത്തിൽ കിട്ടാകടങ്ങൾ പരിഹരിക്കാൻ ഇൻസോൾവെൻസി നിയമത്തിൽ രണ്ടു വഴികളാണെന്ന് ഞാൻ പറഞ്ഞത് വായനക്കാർ ഓർക്കുമല്ലോ. മുൻഗണന റെസൊല്യൂഷൻ പ്ലാനിനുതന്നെ. എന്നാൽ പ്രവർത്തികമായ ഒരു റെസൊല്യൂഷൻ പ്ലാൻ സമർപ്പിക്കാൻ കമ്പനിക്ക് കഴിഞ്ഞില്ല എങ്കിൽ കമ്പനി ലിക്വിഡേഷൻ അഥവാ കമ്പനി പിരിച്ചു വിട്ട് അവസാനിപ്പിക്കാനാണ് നിയമത്തിൽ വ്യവസ്ഥ.റെസൊല്യൂഷൻ പ്ലാൻ എന്നുപറഞ്ഞാൽ കമ്പനിയുടെ ആസ്തിബാധ്യതകൾ തിട്ടപ്പെടുത്തി അവയെ ഏറ്റെടുത്തു കമ്പനിയുടെ ബിസിനസ്സ് തുടർന്നു നടത്തുന്നതിനുള്ള ക്രിയാത്മകമായ പദ്ധതി എന്ന് മനസിലാക്കാം. റെസൊല്യൂഷൻ പ്ലാൻ പലപ്പോഴും സമർപ്പിക്കുന്നത് NPA (നിഷ്ക്രിയ ആസ്തികൾ) ഏറ്റെടുക്കുന്നതിൽപ്രാവീണ്യമുള്ള Asset Reconstruction Company (ARC )കളോ അല്ലെങ്കിൽ ഒരേ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളോ ആവാം. പ്രത്യക്ഷത്തിൽ തമ്മിൽ മത്സരിച്ചിരുന്നകമ്പനികളിൽ ഒരാൾ ഇല്ലാതാകുന്ന സ്ഥിതി വിശേഷമാണ്




സംഭവിക്കുക. പഴംചൊല്ല് പോലെ ഒന്ന് ചീഞ്ഞു മറ്റൊന്നിനു വളമാകുന്ന പ്രതിഭാസം. ഈ പരിണാമത്തിനു ഉത്തമ ഉദാഹരണമാണ് BhushanPower &Steel case. (BPS)

Bps തങ്ങൾ എടുത്ത ബാങ്ക് വായ്പയുടെ പലിശയും മുതലും തിരിച്ചു അടക്കാൻ കഴിയാതെ വരികയും ലോകത്തെ പല പ്രമുഖ സ്റ്റീൽ നിർമാതാക്കളെ പോലെ സ്റ്റീൽ ബിസിനെസ്സ് പ്രതിസന്ധികളെ നേരിടുന്ന

കാലഘട്ടത്തിലൂടെ ആയിരുന്നല്ലോ കഴിഞ്ഞ കുറെ വർഷങ്ങൾ.സ്റ്റീൽ ഉത്പന്നങ്ങളുടെ ഡിമാൻഡിൽ വന്ന കുറവ് വൻകിട സ്റ്റീൽ നിർമാതാക്കളെ ഒന്നാകെ പ്രതിസന്ധിയിലാക്കി. ഇത് മൂലധനത്തിനായി ധാരാളം കടം എടുത്ത് ആരംഭിച്ചവയെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുകയാണ് ഉണ്ടായത്. സ്വാഭാവികമായും വായ്പ തിരിച്ചു കൊടുക്കാനും പലിശകൊടുക്കാനും

ലാഭത്തിന്റെ അഭാവത്തിൽ വീണ്ടും കടം എടുക്കേണ്ടുന്ന അവസ്ഥ. ഇത് തന്നെയാണ് BPS നും സംഭവിച്ചത്. Bps 47205കോടി രൂപായുടെ കടം തിരിച്ചു കൊടുക്കുന്നതിൽ വീഴ്ച വരുത്തിയപ്പോഴാണ് പഞ്ചാബ് നാഷണൽ ബാങ്കിന്റെ നേതൃത്വത്തിൽ ഇൻസോൾവെൻസി അപ്ലിക്കേഷൻ ഫയൽ ചയ്തത്.

## 2. Applicants

Interim Resolution Professional (IRP) BPS ൻറെ ആസ്തി ബാധ്യതകൾ കണക്കാക്കിയപ്പോൾ 47205 കോടി ധനകാര്യ സ്ഥാപനങ്ങൾക്ക് നല്കാനുണ്ടെന്നും 621 കോടി 37 ലക്ഷം operational creditors നു കൊടുക്കാനുണ്ടെന്നും തിട്ടപ്പെടുത്തി. തുടർന്ന് നടന്നബിഡിൽ പ്രധാനമായും മൂന്ന് കമ്പനികളാണ് പരിഗണിക്കപ്പെടത്തക്കതായ ലേലം സമർപ്പിച്ചത്. (1) JSW Steel, (2) TATA STEEL (3) Singapore ആസ്ഥാനമായുള്ള Liberty House എന്നിവരാണ് കമ്പനി ഏറ്റെടുക്കാൻമുന്നോട്ട് വന്നത്. മുൻപ് സൂചിപ്പിച്ചതുപോലെ റെസൊല്യൂഷൻ plan സമർപ്പിക്കുന്നവർ കമ്പനിയുടെ തുടർ പ്രവർത്തനത്തിനും നിലവിലുള്ള കടക്കെണിയിൽ നിന്നും കമ്പനിയെ സംരക്ഷിക്കാനും ഉതകുന്ന പ്ലാൻ ആണ് നൽകേണ്ടത്. ആയതിനാൽ ഇൻസോൾവെൻസി റെസൊല്യൂഷനിൽ പലപ്പോഴും കമ്പനി പ്രവർത്തിക്കുന്ന മേഖലയിലോ അനുബന്ധ മേഖലയിലോ പ്രവർത്തന പരിചയം അത്യാവശ്യമാണ്. മാത്രമല്ല റെസൊല്യൂഷൻ പ്ലാൻ സമർപ്പിക്കുന്ന ഓരോരുത്തരും സാമ്പത്തിക സ്രോതസ് RP ക്കും ക്രെഡിറ്റർസ് കമ്മിറ്റിക്കും NCLT ക്കും ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ഒന്നിൽ കൂടുതൽ resolution applicants വരുന്നത് കമ്പനിക്കും, പണം കിട്ടാനുള്ള ബാങ്കുകൾക്കും, മറ്റു operational creditors നുംഗുണകരമാണ്. BPS കേസ് പരിശോധിച്ചാൽ 3applicants തമ്മിലുള്ള മത്സരത്തിൽ JSW തങ്ങളുടെ ബിഡ് പുനക്രമീകരിച്ചു creditors കമ്മിറ്റിയുടെ അംഗീകാരം നേടിയതായി കാണാം.

ഒരു resolution plan അംഗീകരിക്കുന്നത് creditors കമ്മിറ്റി ആണെന്ന് മുൻപ് സൂചിപ്പിച്ചല്ലോ.ഇത് വളരെ ശ്രമകരമാണ്. RP ക്കും creditors കമ്മിറ്റിക്കും ധാരാളം സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ആവശ്യമാണ്.ഈ കമ്മിറ്റിയാകട്ടെ തങ്ങളുടെ ബാങ്കിന് കിട്ടാവുന്ന പരമാവധി തുക മുൻകൂർ നൽകുന്ന resolution plan കണ്ടെത്തുന്നതോടൊപ്പം കമ്പനിയുടെ ബിസിനസ് മുൻപോട്ടു കൊണ്ട് പോകാൻ ഈ plan പര്യാപ്തമാണെന്നും ഉറപ്പു വരുത്തേണ്ടതുണ്ട്.ഒരു resolution plan പ്രകാരം കമ്പനിയുടെ സാമ്പത്തിക ബാധ്യതകൾ മുൻ കൂർ തീർപ്പാക്കാൻ കമ്പനി ഏറ്റെടുക്കാൻ തയ്യാറായി വരുന്നവർ നല്കുന്ന സംഖ്യ financial creditors തമ്മിൽ തങ്ങൾക്ക് കിട്ടാനുള്ള പണത്തിനാനുപാതികമായി വീതം വയ്ക്കുകയാണ് ചെയ്യുന്നത്.അതിനാൽത്തന്നെ തങ്ങൾക്കു കിട്ടാനുള്ള പണത്തിനാവും അവരുടെ പ്രഥമ പരിഗണന എന്ന് എടുത്ത് പറയേണ്ടതില്ലല്ലോ. ഈ കേസിൽ JSW എന്ന സ്റ്റീൽ ഭീമനാണ് BPS നെ ഏറ്റെടുക്കുന്നത്. വിപണിയിൽ നേർക്കുനേർ ഏറ്റുമുട്ടിയിരുന്നവരാണ് BPS, Jswകമ്പനികൾ. ഈ പ്ലാൻ വിജയകരമാകുന്നതോടെ വിപണിയിൽ നിന്നും ഒരു കമ്പനി ഒഴിവാകുകയും മത്സരം അത്രകണ്ട് കുറയുകയും ചെയ്യും. എന്നാൽ ഇതു ഉപഭോക്താവിനെ എങ്ങിനെ ബാധിക്കും എന്ന് നമുക്ക് ഊഹിക്കാം.

## 3. Resolution Plan

BPS ന്റെ ആസ്തികൾക്കു 9513കോടിയാണ് ലിക്വിഡേഷൻ വാല്യൂ RP കണക്കാക്കിയത്.Resolution plan പ്രകാരം കമ്പനിയിലേക്ക് JSW STEEL 8550കോടി രൂപ പ്രത്യേകമായി രൂപീകരിക്കുന്ന കമ്പനി വഴിനിക്ഷേപിക്കേണ്ടതുണ്ട്.കമ്പനിയുടെ തൊഴിലാളികൾക്ക് നൽകേണ്ട ശമ്പളം കുടിശിക 98കോടിയോളം ഉള്ളതും കൊടുക്കേണ്ടതാണ്. ബാങ്ക് കൾക്കും മറ്റു ധനകാര്യ സ്ഥാപനങ്ങൾക്കും കൊടുക്കാനുള്ള 47158കോടി ബാധ്യതകളിൽ 19350.കോടി resolution പ്ലാനിന്റെ ഭാഗമായി മുൻകൂർ കൊടുക്കാനും പ്ലാനിൽ വ്യവസ്ഥയുണ്ട്. Operational ക്രെഡിറ്റേഴ്സ് വിഭാഗത്തിൽ RP സ്വീകരിച്ച ബാധ്യതകൾ 733കോടിയാണ് റെസൊല്യൂഷൻ പ്ലാൻ പ്രകാരം ആ ഗണത്തിൽ പെട്ടവർക്ക് 350കോടി ലഭിക്കും. ഫിനാൻഷ്യൽ ക്രെഡിറ്റർസ് നു കിട്ടാനുള്ള സംഖ്യയുടെ 41% തുക മുൻകൂർ ലഭിക്കുമ്പോൾ operational ക്രെഡിറ്റർസ്നു 47% തുക ലഭ്യമാകും.

മുകളിൽ വിവരിച്ചതിൽ നിന്നുംഇൻസോൾവെൻസി നിയമത്തിൽ കിട്ടാക്കടം പരിഹരിച്ചു കൊണ്ട് ഒരു സ്ഥാപനത്തിന്റെ നിലനില്പും തുടർ പ്രവർത്തനവും ഒരുപോലെ പ്രാവർത്തികമാക്കുന്നത് എന്ന കാര്യത്തിൽ ഏകദേശ ധാരണ കിട്ടുമല്ലോ.ഇവിടെ എടുത്ത് പറയേണ്ട സംഗതി എന്തെന്നാൽ റെസൊല്യൂഷൻ പ്ലാൻ പൂർണമായുംലഭ്യമല്ലാത്തതിനാൽ കടബാധ്യത പൂർണമായും കൊടുത്തു തീർക്കാനുള്ള നിർദേശങ്ങൾ ഇപ്പോൾ അറിയാൻ നിർവാഹമില്ല.എങ്കിലും മുൻപ് സൂചിപ്പിച്ചതിൽ നിന്നും നമുക്ക് ഗ്രാഹ്യമായ NCLT ഉത്തരവിന് പ്രകാരം BSP ക്ക് ലോൺ കൊടുത്ത ധനകാര്യ സ്ഥാപനങ്ങൾക്ക് തങ്ങൾക്ക് നിയമാനുസൃതം കിട്ടേണ്ട സംഖ്യയിൽ നിന്നും 41% റെസൊല്യൂഷൻ പ്ലാൻ പ്രകാരം മുൻകൂട്ടി ലഭിക്കും എന്നാണ്. ശേഷംവരുന്ന 59% എങ്ങിനെയാണ് ലഭിക്കുക എന്നോ എത്ര

സംഖ്യ എഴുതി കളയേണ്ടി വരും എന്നോ പറയുക പ്രയാസം.അതുപോലെ തന്നെയാണ് മറ്റു കടക്കാരുടെയും അവസ്ഥ.

## 4. JSW ഇപ്പോൾ നേരിടുന്ന പ്രതിസന്ധി.

കഴിഞ്ഞ സെപ്റ്റംബറിലാണ് NCLT Bhushan Power ന്റെ റെസൊല്യൂഷൻ അംഗീകരിച്ചതെന്നറിയാമല്ലോഅതിന്റെ തുടർനടപടികൾ നടന്നു വരവേഎൻഫോഴ്സ് മെന്റ് ഡിറക്ടറേറ്റ് BPS ന്റെ ഒറിജിനൽ പ്രൊമോട്ടർമാർക്കെതിരെ കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമം അനുസരിച്ചു കേസെടുത്തിരിക്കുന്നതിനാൽ BPS ന്റെ ആസ്തികൾ എല്ലാം തന്നെ കണ്ടുകെട്ടണം എന്ന ആവശ്യവുമായി മുന്നോട്ടേക്ക് വന്നിട്ടുണ്ട്. ഇന്ന് ബിസിനസ് കാരുടെയും രാഷ്ട്രീയ, ഉദ്യോഗസ്ഥ വൃന്ദത്തിന്റെയും പേടി സ്വപ്ന മായി മാറിയിരിക്കുന്നു എൻഫോഴ്സ്മെന്റ് അഥവാ ED. ഇത് വളരെ സങ്കീർണ്ണമായ പ്രതിസന്ധിയാണ്. നമ്മുടെ രാജ്യത്ത് നിക്ഷേപം നടത്താൻ മുന്നോട്ടു വരുന്നവരുടെ പ്രധാന പ്രതിസന്ധി രാജ്യത്തെ നിയമങ്ങളിലും നീതിന്യായസമ്പ്രദായത്തിലും നിലനിൽക്കുന്ന അനിശ്ചിതത്വമാണ്. തകർന്ന് പോകുമായിരുന്ന ഒരു വ്യവസായത്തെ അത്തരം വ്യവസായം ചെയ്തു പരിചയം ഉള്ള ഒരു നിക്ഷേപകന് ഏറ്റെടുത്തു തുടർന്നു നടത്താൻ പാർലമെന്റ് രൂപം കൊടുത്ത ഒരു കോടതി അനുമതി നല്കി നിക്ഷേപകർ തങ്ങളുടെ മൂലധനം ഇറക്കി കഴിയുമ്പോൾ രാജ്യത്തെ ഭരണ സമ്പ്രദായത്തിന്റെ കീഴിലുള്ള മറ്റൊരു ഏജൻസി അതേസ്ഥാപനത്തിന്റെ ആസ്തി കണ്ടു കെട്ടാൻ പുറപ്പെടുന്ന വിരോധാഭാസമാണ് നാം കാണുന്നത്.

Insolvencyനിയമത്തിലെ വകുപ്പ് 14പ്രകാരം കടക്കെണിയിൽ പെട്ടിരിക്കുന്ന കമ്പനിക്കെതിരെ നിയമ നടപടികൾ പുതിയതായി തുടങ്ങുവാനും, നിലവിലുള്ളവ തുടരുന്നതിനും മോറട്ടോറിയം നല്കാൻ NCLT ക്കു അധികാരം ഉണ്ട്. എന്നാൽ ഈ വകുപ്പിന്റെ തന്നെ ഉപവകുപ്പ്, 4 പ്രകാരം മൊറൊട്ടോറിയം റെസൊല്യൂഷൻ പ്ലാൻ അംഗീകരിക്കുന്നതുവരെയോ അല്ലെങ്കിൽ കമ്പനി ലിക്വിഡേഷൻ ഓർഡർ ഇടുന്നതുവരെയോ മാത്രമേ ലഭ്യമാകുകയുള്ളു. ഇൻസോൾവെൻസി നിയമം താരതമ്യേന ഒരു പുതിയ നിയമസംഹിത ആയതിനാൽ, ഇത്തരം സന്നിഗ്ധ ഘട്ടങ്ങൾ തരണം ചെയ്യേണ്ടതുണ്ട് അതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതുണ്ട്. എന്നിരുന്നാലും ഗവൺമെന്റിന്റെ ഭാഗമായ മറ്റു ഏജൻസികൾ രാജ്യ താല്പര്യാർത്ഥം മുന്നോട്ടുപോകുമ്പോൾ അന്താരാഷ്ട്ര തലത്തിൽ രാജ്യത്തിന്റെ നിക്ഷേപക സൗഹൃദ മുഖം വികൃതമാകാതിരിക്കാൻശ്രമിക്കേണ്ടതുണ്ട്. JSW നേരിടുന്ന ഈ പ്രതിസന്ധിഎത്ര നാൾ നിലനിക്കും എന്നത് പറയുക വയ്യ. കോടതികളിൽ കെട്ടികിടക്കുന്ന കേസുകളുടെ ബാഹുല്യവും അനന്തമായ അപ്പീൽ അവസരങ്ങളും പ്രവചനങ്ങളെ അസാധുവാക്കുമല്ലോ.മേൽ പറഞ്ഞ ED യുടെ നീക്കം പ്രതിരോധിക്കാൻ JSW കോടതിയെ സമീപിച്ചിട്ടുണ്ടെന്നാണ് അറിവ് അതിന്റെ ഫലം എന്തെന്ന് അറിയാൻ വ്യഗ്രതയോടെ കാത്തിരിക്കുകയാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ.

## 5. Home Buyers as Financial Creditors.

2018 ലെ IBC Amendment ഓർഡിനൻസ്വഴി കേന്ദ്രഗവേർമ്മേന്റ് IBC നിയമത്തിലെ വകുപ്പ് 5(8)(f) ൽ ഒരു വിശദീകരണം കൂട്ടി ചേർത്തു. അതു പ്രകാരം ഒരു റിയൽ എസ്റ്റേറ്റ് പ്രൊജക്റ്റിൽ ഫ്ളാറ്റോ വില്ലയോ മറ്റോ ലഭിക്കുന്നതിന് കൊടുക്കുന്ന മുൻകൂർ തുകയെ വാണിജ്യ ആവശ്യാർഥം വാങ്ങിയ കടമായി കണക്കാക്കും മാത്രമല്ല അത്തരം കടക്കാരുടെ ഒരു പ്രതിനിധിയെ കമ്മിറ്റി ഓഫ് ക്രെഡിറ്റർസിൽ ഉൾപ്പെടുത്താനും വ്യവസ്ഥ ചെയ്യുന്നു. റിയൽ എസ്റ്റേറ്റ് പ്രൊജക്റ്റിൽ മുൻ കൂർ പണം നൽകിയിട്ടും വ്യവസ്ഥകൾ പാലിക്കാതിരുന്നാൽ വാങ്ങുന്നവർക്ക് IBC നിയമം അനുസരിച്ച് insolvency അപ്ലിക്കേഷൻ സമർപ്പിക്കാവുന്നതാണ്.ഇത് റിയൽഎസ്റ്റേറ്റ് പ്രോജെക്ടിൽ നിന്നും ഫ്ലാറ്റ് വാങ്ങാൻ കാത്തിരിക്കുകയും ഒടുവിൽ വഞ്ചിക്കപ്പെടുകയും ചെയ്യുന്ന സ്ഥിതി വിശേഷത്തിന് ഇത് ഒരു പരിധിവരെ പരിഹാരം ആകും എന്ന് കരുതാം. ഈ ഭേദഗതിയുടെ ഭരണഘടനസാധുത Honble' Supremeകോർട്ടിൽ ഒരു കൂട്ടം writ പെറ്റിഷൻസിൽ കൂടി ചോദ്യം ചെയ്യപ്പെട്ടു. അവ തീർപ്പാക്കികൊണ്ടു Pioneer Urban Land Infrastructure Ltd. Vs Union of India കേസിൽ Supreme കോടതി ഉത്തരവ് പുറപ്പെടുവിച്ചു. അതിനാൽ ഫ്ലാറ്റ് വാങ്ങാൻ നല്കിയ പണം builder യഥാസമയം നിർമാണം പൂർത്തിയാക്കി നൽകിയില്ലെങ്കിൽ IBC നിയമത്തിനു കീഴിൽ നടപടികൾ സ്വീകരിക്കാം. ഇത് പ്രോജക്ടിന്റെ പ്രൊമോട്ടർമാരെ കൂടുതൽ ജാഗ്രവത്താക്കും എന്ന് നമുക്ക് പ്രത്യാശിക്കാം.

Insolvency നിയമവും NCLT യും കിട്ടാകടം തിരിച്ചു പിടിക്കുന്നതിലും കടക്കെണിയിൽ അകപ്പെട്ട കമ്പനികളുടെ പുനഃക്രമീകരണത്തിലും അതുവഴി വലിയ തൊഴിൽ നഷ്ടങ്ങൾ ഒഴിവാക്കി രാജ്യത്തിന്റെ സമ്പത് വ്യവസ്ഥയെ സംരക്ഷിക്കാനും നാളെകളിലേക്കുള്ള പ്രതീക്ഷയാകട്ടെ എന്നപ്രത്യാശയോടെ ഈ ലേഖനം അവസാനിപ്പിക്കുന്നു.




**പഴയ പാട്ടുകളുടെ കവർ പതിപ്പുകളെച്ചൊല്ലി സോഷ്യൽ മീഡിയയിൽ ചർച്ചകൾ കൊഴുക്കുന്നു. ഒപ്പം അത്തരം കവർ, റീമിക്സ്, അൺപ്ലഗ്ഡ് പതിപ്പുകൾ ഒരുക്കുന്നവരുടെ എണ്ണവും കൂടുന്നു. ടെക്നോളജിയുടെ സഹായം എന്തായാലും സംഗീതത്തിനു ഗുണംചെയ്യുമെന്ന് വിലയിരുത്തൽ...**

തേജശ്രീ



# ആരെയും ഭാവഗായകനാക്കും...

സോഷ്യൽ മീഡിയയിൽ വളരെ ശക്തവും കൗതുകകരവുമായ ഒരു ചർച്ചയും തർക്കങ്ങളും നടക്കുകയാണ്. വിഷയം മറ്റൊന്നുമല്ല, പാട്ടാണ്. സിനിമാപ്പാട്ടുകളുടെ കവർ വേർഷനുകൾ ഇംപ്രൊവൈസേഷനുകളോടെ പാടാമോ എന്നതാണ് ചോദ്യം. പാടാമെന്ന് ഒരുകൂട്ടർ. ഒറിജിനലിനെ തൊടരുതെന്ന് മറ്റൊരു കൂട്ടർ. ആരോഗ്യകരമായ ചർച്ചകൾ കൊഴുക്കുന്നു.

സിനിമയുടെ സന്ദർഭത്തിനു യോജിക്കുന്ന വിധത്തിൽ, താനുണ്ടാക്കിയ പാട്ടിൽ എന്തൊക്കെ വേണമെന്ന് സംഗീതസംവിധായകന് അറിയാം. അവ്വിധമാണ് അയാൾ ആ പാട്ട് ഈണമിട്ട്, പശ്ചാത്തല സംഗീതം ചേർത്ത് പാട്ടുകാരെക്കൊണ്ടു പാടിച്ചിരിക്കുക. അതുകൊണ്ട് ആ ഒറിജിനൽ പാട്ടിനെ ആരും സംഗതികൾ ചേർത്ത് മിനുക്കി പാടേണ്ട എന്നാണ് ഒരു വിഭാഗം സംഗീതാസ്വാദകരുടെ വാദം. ഒറിജിനൽ പാടിയ പാട്ടുകാർതന്നെ മറ്റുവേദികളിൽ പാടിയാലും അതേപോലെ പാടിയാൽ മതിയെന്നാണ് അവർ പറയുന്നത്. സംഗതികൾ ചേർക്കാൻ സംഗീതസംവിധായകർക്ക് അറിയാഞ്ഞിട്ടല്ലല്ലോ അവർ പാട്ടുണ്ടാക്കുന്നതെന്ന് അവർ വാദിക്കുന്നു. എന്നാൽ ഒറിജിനൽ എന്നു വിവക്ഷിക്കുന്നതിനെ മറ്റൊരു വിധത്തിൽ ഖണ്ഡിക്കുകയാണ് കവർ പതിപ്പകൾ പാടുന്ന പ്രശസ്ത ഗായകർ ഉൾപ്പെടെയുള്ളവർ. സിനിമയിൽ ഗായകൻ പാടിയതല്ല, മറിച്ച് സംഗീതസംവിധായകൻ ഗായകന് പാടിക്കൊടുക്കുന്ന ഈണമാണ് ഒറിജിനൽ, മറ്റുള്ളതെല്ലാം കവർ പതിപ്പുകളാണെന്ന് അവർ പറയുന്നു. അതുകൊണ്ടുതന്നെ തങ്ങൾക്ക് ഇഷ്ടമുള്ള രീതിയിൽ പാട്ടുകളുടെ പുതുരൂപമുണ്ടാക്കാം. രാഗത്തിൽനിന്ന് പുറത്തുകടക്കാതെ സംഗതികളും സഞ്ചാരങ്ങളും ചേർത്ത് പാടാം എന്ന് അവർ ഉറച്ചുനിൽക്കുന്നു. താത്പര്യമില്ലാത്തവർ കേൾക്കേണ്ടതില്ലെന്ന ശക്തമായ നിലപാടുള്ള പുതുതലമുറ ഗായകർ ഉയർന്നുവരുന്നത് സംഗീതത്തിനു നല്ലതേ വരുത്തൂ. മിക്കപ്പോഴും ഒറിജിനലുകൾക്കൊപ്പമോ അതിനേക്കാൾ ഉയർന്നതോ ആയ സംഗീതാനുഭവം സൃഷ്ടിക്കാൻ അവർക്കു കഴിയുന്നുണ്ട്. അതിനെ വലിയൊരു വിഭാഗം സംഗീതപ്രേമികൾ നെഞ്ചോടു ചേർക്കുന്നു. അതില് പരമെന്തുവേണം!

ഇരുകൂട്ടർക്കും പിന്തുണക്കാർ ഉണ്ട്. ശക്തമായ നിലപാടുകളും അവർ പങ്കുവയ്ക്കുന്നു. ഈ തർക്കങ്ങൾ എന്തുതന്നെയായാലും സംഗീതത്തിനു നല്ലതാണെന്നുറപ്പ്. പുതുതലമുറ കേൾക്കാൻ സാധ്യതയില്ലാത്ത പാട്ടുകളും കവർ പതിപ്പുകളായി പുറത്തിറങ്ങുന്നു. അങ്ങനെ സംഗീതസംവിധായകരെയും പാട്ടുകാരെയും കൂടുതൽപ്പേർ അറിയുന്നു. കേൾക്കുന്നവരും ആ പാട്ടു പാടാൻ ശ്രമിക്കുന്നു.

താളബോധമുള്ള ഏതൊരാളും മൂളിപ്പാട്ടുപാടും. മൂളാൻ പറ്റാത്ത സാഹചര്യമാണെങ്കിൽ മന

സിലുള്ള ഒരു പാട്ട് ഉള്ളിൽ നിശബ്ദമായി പാടി ത്തകർക്കും. അതുതരുന്ന സന്തോഷം, അല്ലെ ങ്കിൽ ആശ്വാസം പറഞ്ഞറിയിക്കാൻ വയ്യാത്തതാ




ണ്. ടെക്നോളജിയുടെ വളർച്ച ആരെ യും ഭാവഗായകനാക്കുന്ന വിധത്തിലു ള്ളതാണ്. പാടാൻ അറിയാത്തവരും ധൈര്യമായി പാടിത്തുടങ്ങിയിട്ടുണ്ട്. ക രോക്കെ ആപ്ലിക്കേഷനുകളും വ്യാപനം ഏറെ ആശാവഹമാണ്. സൗജന്യമായി ഉപയോഗിക്കാവുന്നവും ചെറിയ തുക നൽകേണ്ടവയുമുണ്ട് ഇക്കൂട്ടത്തിൽ. ര ണ്ടിടത്തിരുന്നുപോലും യുഗ്മഗാനങ്ങ ളും ഇവയിലൂടെ പാടാം.



വീഡിയോ അടക്കം റെക്കോർഡ് ചെ യ്ത് ആവശ്യമുള്ള സോഷ്യൽ പ്ലാറ്റ് ഫോമുകളിൽ പങ്കുവയ്ക്കാൻ ഈ ആ പ്പുകൾ സഹായിക്കും. സംഗീതത്തിനു ഡെഡിക്കേറ്റ് ചെയ്യപ്പെട്ട വാട്ട്സ്ആപ്പ്, ഫേസ്ബുക്ക് ഗ്രൂപ്പുകളിലൂടെ ഇത്തരത്തിൽ പാ ട്ടുകാർക്ക് മികച്ച പ്രോത്സാഹനവും ലഭിക്കുന്നു. പാട്ടുചർച്ചകൾ വീണ്ടും കൊഴുക്കുന്നു.

പാട്ടുകളുടെ ഏതാനും വരികൾ മാത്രം എടു



ത്തുള്ള അൺപ്ലഗ്ഡ് വേർഷനുകളും പശ്ചാത്ത ലത്തിൽ ഒന്നോ രണ്ടോ ഉപകരണങ്ങൾ (മിക്ക പ്പോഴും ഗിറ്റാർ, കീബോർഡ് എന്നിവ) ചേർത്തു ള്ള കവർ പതിപ്പുകളും അതിസുന്ദരങ്ങളാണ്. മൺ മറഞ്ഞ ഗായകർക്കും സംഗീതസംവിധായകർക്കും ശ്രദ്ധാഞ്ജലിയർപ്പിച്ചുള്ള ഗാനങ്ങളും യുട്യൂബിൽ ശ്രദ്ധനേടുന്നു.

യുട്യൂബ് വഴി ലഭിക്കാവുന്ന സാമ്പത്തികനേ ട്ടവും തള്ളിക്കളയാവുന്നതല്ല. ശാസ്ത്രീ യ, ലളിത സംഗീതവും, ഉപകരണസം ഗീതവും പഠിപ്പിക്കുന്ന യുട്യൂബ് ചാന ലുകൾക്ക് ഒട്ടേറെ സബ്സ്ക്രൈബർമാ രുണ്ട്. ഇതിലൂടെ മികച്ച വരുമാനം നേ ടാനുള്ള അവസരമാണ് ലഭിക്കുന്നത്.

എന്നാൽ കവർ പതിപ്പുകൾ പൊല്ലാ പ്പുകളുമുണ്ടാക്കുന്നുണ്ട്. മോഹ്റ എന്ന ഹിന്ദി ചിത്രത്തിലെ ടിപ് ടിപ് ബർസാ പാനി എന്ന പാട്ടിൻറെ റീമിക്സ് പതി പ്പിനെച്ചൊല്ലി ഒറിജിനൽ ഗാനം പാടി യ ഗായിക അല്ക യാഗ്നിക് രംഗത്തു വന്നിരുന്നു. പുതിയ സംഗീതസംവിധാ യകർക്ക് നല്ല ഈണങ്ങൾ ഒരുക്കാനു ള്ള കഴിവു കുറവാണെന്നാണ് അൽക്ക പറഞ്ഞത്. നല്ല പാട്ടുകളെ ബാർ ലോ ഞ്ചുകൾക്കും ക്ലബുകൾക്കും വേണ്ടി വികലമാക്കു ന്നതിനോടു യോജിക്കാനാവില്ല. ആ പാട്ടുകൾ ഇറങ്ങിയിരുന്നകാലത്ത് സംഗീതരംഗത്തു പ്രവർ ത്തിക്കാൻ കഴിഞ്ഞത് ഭാഗ്യമാണെന്നും പുതിയ കാലത്തെ ചലച്ചിത്രസംഗീതരംഗം പ്ര തീക്ഷ തരാത്തതാണെന്നും അൽക്ക പറഞ്ഞു. ദേശീയ പുരസ്കാരങ്ങളും ലതാ മങ്കേഷ്കർ അവാർഡും അട ക്കം നേടിയിട്ടുള്ള അൽക്ക യാഗ്നി ക് മൂന്നു പതിറ്റാണ്ടിലേറെയായി സം ഗീതരംഗത്തുള്ള ഗായികയാണ്.

എന്തായാലും വലിയൊരു ഉത്ത രവാദിത്തത്തിൻറെ കാര്യമാണ് പ്രധാ ന്യത്തോടെ ഉയർന്നുവരുന്നത്. അതാ യത് കേൾവിക്കാർക്ക് നല്ലതു കൊ ടുക്കാനുള്ള ഉത്തരവാദിത്തം പുതിയ കാലത്തെ സംഗീതസംവിധായകർ ക്കും ഗായകർക്കും (കവർ വേർഷനും റീമിക്സും ഉണ്ടാക്കുന്നവരടക്കം) നിർബന്ധമായും ഉണ്ട്. കേൾക്കുന്ന വരുടെ ക്ഷമയെ ചോദ്യംചെയ്യുന്നവയാകരുത് പാ ട്ടുകൾ. അല്ലാതുള്ളവ പടച്ചുവിടുന്നവർ തങ്ങൾ മാത്രം കേൾക്കാവുന്ന വിധം പാട്ടുകൾ സൂക്ഷി ക്കുകയാവും നല്ലത്.

സിനിമ

# മാടമ്പിന്റെ സിനിമകൾ

സ്വന്തം ലേഖകൻ


തിരക്കഥയെഴുതിയ പ്രഥമ ചലച്ചിത്രത്തിന് സംസ്ഥാന-ദേശീയ പുരസ്കാരങ്ങൾ നേടിയ ചരിത്രമുണ്ട് മാടമ്പ് കുഞ്ഞുകുട്ടൻ എന്ന മാടമ്പ് ശങ്കരൻ നമ്പൂതിരിക്ക്. ജയരാജ് സംവിധാനം നിർവഹിച്ച 'ദേശാടനം' 1997ലാണ് സ്ക്രീനിലെത്തിയത്. തിരക്കഥയെഴുതിയ മാടമ്പ് ഈ ചിത്രത്തിൽ ഒരു പ്രധാന വേഷത്തിൽ അഭിനയിക്കുകയും ചെയ്തു. കച്ചവട സിനിമകളുടെ സംവിധായകൻ എന്ന ലേബലിൽനിന്നും ഈ ചിത്രത്തോടെ ജയരാജ് മുക്തി നേടുകയും ചെയ്തു.

ജയരാജിന്റെ 'കരുണം' റിലീസ് ചെയ്യുവാൻ പിന്നെ അധികനാൾ വേണ്ടിവന്നില്ല. മാടമ്പിന്റെ തിരക്കഥയിൽ ഈ ചിത്രം 2000-ൽ വെള്ളിത്തിരയിലെത്തി. തിരക്കഥക്കുള്ള ദേശീയ ചലച്ചിത്ര പുരസ്കാരം നേടിയതോടെ 'കരുണം' ദേശീയ-അന്തർദേശീയ തലങ്ങളിൽ ഏറെ ശ്രദ്ധിക്കപ്പെട്ടു.



നോവലിസ്റ്റ് എന്ന നിലയിൽ വിഖ്യാതനായ ശേഷമാണ് മാടമ്പ് തിരക്കഥാ രചനയിലേക്ക് തിരിയുന്നത്. കഥ പറയുന്നതിൽ തനതായ പാത കീറിത്തെളിച്ച്, ആസ്വാദക യാത്രികരെ തന്നിലേക്കും തന്റെ കൃതികളിലേക്കും ഇതിനിടെ മാടമ്പ് അടുപ്പിച്ചിരുന്നു. ആശ്വത്ഥാമാവ്, ഭ്രഷ്ട്, ആര്യാവർത്തനം, മഹാ പ്രസ്ഥാനം, അവിഘ്നമസ്തു, നിഷാദം, പാതാളം, എന്തരോ മഹാനുഭാവുലു എന്നീ നോവലുകൾ സഹൃദയർ വായിച്ചാസ്വദിച്ച കൃതികളാണ്.




രചന നിർവഹിച്ച സിനിമകളിൽ നടനായും മാടമ്പ്, തന്റെ തന്നെ കഥാപാത്രങ്ങൾക്ക് ജീവൻ കൊടുത്തു. ദേശാടനം, കരുണം, അഗ്നിസാക്ഷി, ആറാം തമ്പുരാൻ, അശ്വത്ഥാമാവ്, കാറ്റ് വന്നു വിളിച്ചപ്പോൾ, അഗ്നിനക്ഷത്രം, വടക്കുംനാഥൻ, ചിത്രശലഭം, പോത്തൻവാവ തുടങ്ങിയ ചലച്ചിത്രങ്ങളിൽ ചെറുതും വലുതുമായ വേഷങ്ങളിൽ മാടമ്പ് നടനെന്ന കർമസിദ്ധി തെളിയിച്ചു.

സുരേഷ് മച്ചാടിന്റെ സംവിധാനത്തിൽ 2009ൽ പുറത്തിറങ്ങിയ 'മൗനം' എന്ന സിനിമയാണ് മാടമ്പ് അവസാനമായി രചന നിർവഹിച്ച് അഭിനയിച്ച ചിത്രം. മാടമ്പ് ഇല്ലത്ത്, അദ്ദേഹത്തിന്റെ ഒരു പിറന്നാൾ ദിനത്തിൽ ഈ ചിത്രം പ്രദർശിപ്പിച്ചതും അദ്ദേഹം ഓർക്കുന്നു.

2003-ൽ രണ്ട് ചിത്രങ്ങൾക്ക് മാടമ്പ് തിരക്കഥ ഒരുക്കി. ഗൗരീശങ്കരം, സഫലം എന്നീ സിനിമകൾ വേറിട്ട അനുഭവമാണ് മലയാളി പ്രേക്ഷകന് സമ്മാനിച്ചത്. 2005ൽ 'മകൾക്ക്' എന്ന സിനിമയുടെ രചനയും അദ്ദേഹം നിർവഹിച്ചു.

സാഹിത്യകാരൻ, തിരക്കഥാകൃത്ത്, അഭിനേതാവ് എന്നീ നിലകളിൽ പ്രശസ്തിയാർജിച്ച മാടമ്പ് കുഞ്ഞുകുട്ടന്റെ ജനനം തൃശൂരിലെ കിരാലൂരിൽ 1941-ൽ ആയിരുന്നു. 'കരുണം' ദേശീയ ചലച്ചിത്ര പുരസ്കാരത്തിനു അർഹമായതിനു പുറമെ, രാഷ്ട്രീയത്തിലും അദ്ദേഹം പരീക്ഷണം നടത്തി. സംസ്ഥാന നിയമസഭയിലേക്ക് 2001ൽ നടന്ന തെരഞ്ഞെടുപ്പിൽ, കൊടുങ്ങല്ലൂരിലെ ബി.ജെ.പി സ്ഥാനാർഥിയായിരുന്നു മാടമ്പ്.

വ്യത്യസ്ത മേഖലകളിൽ അഭിരമിക്കുന്നതിനുള്ള സ്വതസിദ്ധമായ ചങ്കുറപ്പ് മാടമ്പിനുണ്ട്. ശങ്കരൻ നമ്പൂതിരി എങ്ങനെ കുഞ്ഞുകുട്ടനായി എന്ന ചോദ്യത്തിന് അദ്ദേഹത്തിന്റെ സരസ മറുപടി:

'അച്ഛനും അച്ഛന്റെ അച്ഛനും ശങ്കരന്മാരാണ്. ശങ്കരാ.... എന്ന് പിന്നെങ്ങനെയാണ് അമ്മയെന്നെ വിളിക്കുക? അങ്ങനെ ഞാൻ കുഞ്ഞുകുട്ടനായി!'



# കാറ്റിൽ പറക്കുന്ന കുതിരകൾ

കാരൂർ സോമൻ

രാജഭരണത്തിൽ നമ്മൾ കണ്ടത് കുതിരപ്പട, ആനപ്പട, കാലാൾപ്പടകളാണ്. ഇന്നത്തെ രക്തച്ചൊരിച്ചിലിനുള്ള മാർഗങ്ങൾ കരസേന, നാവികസേന, വ്യോമസേനകളിലാണ്. അന്നും ഇന്നും മനുഷ്യനെ സമാധാനത്തിലേക്ക് നയിക്കാനോ അവന്റെ സുരക്ഷിതത്വം ഉറപ്പാക്കാനോ ഈ പടകളെ നയിക്കുന്നവർക്ക് കഴിഞ്ഞിട്ടില്ല. കുതിരപ്പടയുടെ കാലം കഴിഞ്ഞെങ്കിലും ലോകത്തിന്റെ പല ഭാഗങ്ങളിലും മിന്നൽപ്പിണർപോലെ പാഞ്ഞുപോകുന്ന കുതിരയോട്ടങ്ങളുണ്ട്. അതിൽ മുന്നിൽ നിൽക്കുന്നവരാണ് ഗൾഫ്-യൂറോപ്പ്-അമേരിക്ക. ഞാൻ സ്പെയിനിലെ കാളപ്പോര് കണ്ടതിനുശേഷം പിന്നീട് കണ്ടത് ലണ്ടൻ റോയൽ ആസ്കോട്ട് കുതിരയോട്ടമാണ്. കണ്ണുകൾക്ക് അവാച്യമായ ആഹ്ലാദവും സൗന്ദര്യവും പകരുന്ന കാഴ്ചയാണ് കുതിരയോട്ടം. രാജാക്കന്മാരുള്ള രാജ്യങ്ങളിൽ അതൊരു വിനോദമാണ്. മുമ്പ് രാജാക്കന്മാർ രാജ്യങ്ങളെ കീഴടക്കിയിരുന്നത് കുതിരയോട്ടത്തിൽ കൂടിയായിരുന്നെങ്കിൽ ഇന്നുള്ളവർ കുതിരയോട്ട മത്സരത്തിലൂടെ മില്യൻസാണ് കീഴടക്കുന്നത്.

ദുബൈയിലെ വേൾഡ് കപ്പ്, എമിറേറ്റ്സ് മെൽബോൺകപ്പ് അതിനുദാഹരണങ്ങൾ. വികസിത രാജ്യങ്ങളിൽ ധാരാളം കുതിരയോട്ട മത്സരങ്ങൾ കാണാറുണ്ട്. കുതിരയോട്ടങ്ങളിൽ രാജാവോ, പ്രജയോ ആരു വിജയിച്ചാലും ലോകത്ത് ലഭിക്കുന്ന ഏറ്റവും വലിയൊരു അംഗീകാരമാണത്. അതിൽ അഹങ്കരിക്കുന്നവരാണ് കൂടുതലും. കാറ്റിനെക്കാൾ വേഗതയിൽ കുതിരക്കുളമ്പടികൾ മണ്ണിൽ പൊടിപറത്തിക്കൊണ്ട് ഒരാൾ മറ്റൊരാളെ കീഴ്പ്പെടുത്തുന്ന മരണപ്പാച്ചിലിൽ ദൃഷ്ടികളുറപ്പിച്ചു നോക്കുന്നവരുടെ ജിജ്ഞാസ, ഭീതി, നിശ്വാസം ആശ്വാസത്തെക്കാൾ അമ്പരപ്പാണുണ്ടാക്കുക. വിജയശ്രീലാളിതനായി വന്ന കുതിരയെ ആരാധനയോടെയാണ് ഞാൻ കണ്ടത്. നൂറ്റാണ്ടുകളായി ശക്തിശാലികളായ മനുഷ്യരെപ്പോലെ കുതിരകളും നമ്മെ കീഴടക്കുന്നു.

ലണ്ടനേറ്റവുമടുത്ത് ബർഗ്ഗയർ എന്ന സ്ഥലത്ത് നടക്കുന്ന വിശ്വപ്രസിദ്ധ കുതിരയോട്ട മത്സരമാണ് 'റോയൽ ആസ്ക്കോട്ട്. ബ്രിട്ടീഷ് റോയൽ ഫാമിലിയുടെ കൊട്ടാരമായ വിൻസന്റ് കാസിലിന്റെ അടുത്താണ് ആസ്ക്കോട്ട്. രാജകുടുംബാംഗങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട കായിക വിനോദമാണ് കു

തിരയോട്ടം. ലോകത്തിലെ തന്നെ ഏറ്റവും വലിയ ട്രാക്കുകളിൽ ഒന്നാണ് 1711-ൽ തുടങ്ങിയ ആസ്ക്കോട്ട് ട്രാക്ക്.

2006-ൽ പുതുക്കി പണിതതാണ് ഇപ്പോഴത്തെ ട്രാക്കും പവലിയനും. ബ്രിട്ടനിൽ ഒരു വർഷം മൊത്തം 32 റേസ് ആണ് അരങ്ങേറുന്നത്. അതിൽ 9 എണ്ണം ഈ ട്രാക്കിൽ തന്നെയാണ്. അതിലെ ഏറ്റവും പ്രധാനപ്പെട്ടത് ആസ്ക്കോട്ട് ഗോൾഡ് കപ്പ് എന്ന് മത്സരമാണ്.

മൂന്ന് ദിവസങ്ങൾ ആയി ആണ് മത്സരം നടക്കുന്നത്. നാലു കിലോമീറ്റർ ആണ് ഒരു ലാപ്പ്. നമ്മുടെ വള്ളംകളിപോലെ പല ഗ്രേഡിൽ ഉള്ള കുതിരകൾക്ക് വ്യത്യസ്ത മത്സരങ്ങൾ ഉണ്ട്. ഗോൾഡ് കപ്പ്, ലോയൽ ഹണ്ട് കപ്പ്, ക്വീൻ വാസ് എന്നിവയാണ് പ്രധാന ട്രോഫികൾ. അതിലെ തന്നെ ഏറ്റവും പ്രശസ്ത ഗോൾഡ് കപ്പാണ്. 2,50,000 പൗണ്ട് ആണ് ഇതിന്റെ സമ്മാനത്തുക. ഫോർമുല വൺ കാറോട്ട മത്സരം പോലെ മികച്ച കുതിരയ്ക്കും, മികച്ച ജോക്കിക്കും, മികച്ച പരിശീലകനും, മികച്ച ഓണർക്കും സമ്മാനം ഉണ്ട്. ഒരു മുതലാളിക്ക് ഒന്നിലധികം കുതിരകൾ ഉണ്ടാവാം.

ഗ്രാൻഡ് സ്റ്റാന്റ്, സിൽവർ റിംഗ്, റോയർ എൻക്ലോഷർ എന്നീ മൂന്ന് പവലിയനുകൾ ആണ് ഉള്ളത്. സിൽവർ റിംഗിൽ ആണ് ഏറ്റവും താഴ്ന്ന ടിക്കറ്റ് വില. വെറും നൂറും പൗണ്ട്. ഗ്രാൻഡ് സ്റ്റാൻഡിൽ ഇരുന്നൂറു മുതൽ അഞ്ഞൂറ് പൗണ്ട് വരെ ഉള്ള ടിക്കറ്റ്. റോയൽ എൻക്ലോഷർ എന്ന സ്റ്റാൻഡിൽ കയറാൻ കാശ് മാത്രം പോര, നല്ല തറവാട്ടിൽ ജനിക്കുകയും വേണം. കാരണം രാജകുടുംബാംഗങ്ങൾക്കും, വി.ഐ.പികൾക്കും മാത്രം ഉള്ളതാണ് ആ ടിക്കറ്റ്.

മറ്റൊരു പ്രധാന കാര്യം ഡ്രസ്സ് കോഡ് ആണ്. റേസ് കാണാൻ വരുന്ന എല്ലാവരും പാലിക്കേണ്ട ഒന്നാണ് ഡ്രസ്സ് കോഡ്. പുരുഷൻ ടൈയും സ്യൂട്ടും, സ്ത്രീകൾ സ്മാർട്ട് ഫോർമല്സ് എന്നിവ നിർബന്ധം. ജീൻസ് ഷർട്ട് ധരിച്ചു വന്നാൽ അകത്തേക്കുള്ള പ്രവേശനം അസാധ്യം. എന്നാൽ ഏറ്റവും എടുത്തു പറയേണ്ട ഒന്ന് സ്ത്രീകൾ ധരിക്കുന്ന തൊപ്പിയാണ്. നമ്മുടെ നാട്ടിൽ കൊച്ചമ്മമാർ കല്യാണത്തിന് സ്വർണ്ണ അണിഞ്ഞു വരുന്നപോലെ ആണ് അവർക്ക് ആ തൊപ്പി ഒരു സ്റ്റാറ്റസ് സിമ്പൽ ആണ്. വിവിധ ഇനം തൂവലുകൾ കൊണ്ട് അലങ്കരിച്ച് സുന്ദരമായ തൊപ്പികൾ അണിഞ്ഞു നടക്കുന്ന സുന്ദരികളുടെ ഇടയിൽ എത്തിയാൽ ഏതോ ഫാഷൻ റാമ്പിൽ പെട്ട് പോയ ഒരു പാവം എലികുഞ്ഞിന്റെ അവസ്ഥയാകും പലർക്കും.

**ബ്രിട്ടനിലെ മാത്രമല്ല, യൂറോപ്പിലെ തന്നെ മൾട്ടി ബില്യനയർമാരാണ് കാണികളിൽ ഭൂരിഭാഗവും. ശരിക്കും ടൈറ്റാനിക് കപ്പലിൽ കയറിയ അനുഭൂതിയായിരിക്കും. റേസ് കാണാൻ കുതിര പട്ടാളത്തിന്റെ അകമ്പടിയോടെ ഒരു രഥത്തിൽ ആനയിക്കപ്പെടുന്ന രാജ്ഞിയുടെ വരവ് ഒരു കാണേണ്ട കാഴ്ച തന്നെയാണ്.**

ബ്രിട്ടനിലെ മാത്രമല്ല, യൂറോപ്പിലെ തന്നെ മൾട്ടി ബില്യനയർമാരാണ് കാണികളിൽ ഭൂരിഭാഗവും. ശരിക്കും ടൈറ്റാനിക് കപ്പലിൽ കയറിയ അനുഭൂതിയായിരിക്കും. റേസ് കാണാൻ കുതിര പട്ടാളത്തിന്റെ അകമ്പടിയോടെ ഒരു രഥത്തിൽ ആനയിക്കപ്പെടുന്ന രാജ്ഞിയുടെ വരവ് ഒരു കാണേണ്ട കാഴ്ച തന്നെയാണ്. ഇവിടെ പല കൗണ്ടറിന്റെ മുന്നിലും നീളൻ ക്യൂ കാണാം. എല്ലാവരുടെയും കയ്യിൽ നോട്ടു കെട്ടുകളും കാണും. എങ്കിലും ഉറപ്പിക്കാം. അത് ഒരു ബെറ്റിംഗ് കൗണ്ടർ ആയിരിക്കും. കുതിരയോട്ടം കാണുന്നതിനെക്കാൾ ഉപരി കുതിരപന്തയം വയ്ക്കാനാണ് ആ കോടീശ്വരന്മാർ പലരും അന്ന് ഇവിടെ വരുന്നത്. ഒരു പൗണ്ട് മുതൽ ഒരു മില്യൺ പൗണ്ട് വരെ അവിടെ വാത് വയ്ക്കുന്ന വിദ്വാന്മാർ ഉണ്ട്. കോടികൾ കൊണ്ട് അമ്മാനമാടുന്നവർക്ക് ഈ ചൂതാട്ടം ഇല്ലാതെ എന്താഘോഷം.

റേസ് തുടങ്ങുന്നതിനു പത്തു മിനിറ്റ് മുമ്പുവരെ ജയിക്കുന്ന കുതിരയുടെ പേരിലും, സമയത്തിന്റെ പേരിലും ഒക്കെ വാതു വയ്ക്കാം. ബാന്റ് മേളവും, പരമ്പരാഗത സംഗീതവും സമാപിച്ച ശേഷമാണ് റേസ് തുടങ്ങുക. ഊട്ടിയിലും മറ്റും നാം കാണുന്ന കുതിരകളുടെ ഏകദേശം ഇരട്ടി വലിപ്പം ഉണ്ട് റേസിൽ പങ്കെടുക്കുന്ന ഓരോ കുതിരകൾക്കും. റേസ് കഴിഞ്ഞു എലിസബത്ത് രാജ്ഞിയാണ് വിജയികൾക്ക് സമ്മാനം നൽകുന്നത്.

Email: karoorsoman@yahoo.com,
www.karoorsoman.com

കായികരംഗത്തെ പുത്തൻ പ്രവണതകൾ അവതരിപ്പിക്കുന്ന പംക്തിയാണ് **മൈതാനം.** സ്കൂൾ തലം മുതൽ അന്തർദേശീയ കായികമത്സരങ്ങളുൾപ്പെടെ ഇന്ത്യൻ പ്രതിഭാസാന്നിധ്യം ഇവിടെ പരാമർശിക്കപ്പെടും. അഭിനന്ദനാർഹമായ നേട്ടങ്ങളും കുറവുകൾ പരിഹരിക്കുന്നതിനുള്ള നിർദേശങ്ങളും സമഗ്രമായി പ്രതിപാദിക്കുന്നതാകും ഈ പംക്തി.

# ഇനി കാണാം ഫുട്ബോൾ പൂരം



**മൈതാനം**

റയൻ ജോസഫ്

ഒക്ടോബർ 20ന് കേരള-കൊൽക്കത്ത മത്സരത്തോടെ ഈ വർഷത്തെ ഇന്ത്യൻ സൂപ്പർലീഗ് ഫുട്ബോൾ മത്സരങ്ങൾക്ക് തുടക്കമായിരിക്കുന്നു. 2020 ഫെബ്രുവരി 23-ാം തീയതി വരെ 90 ലീഗ് മത്സരങ്ങളാണ് ഈ 2019-2020 സീസണിൽ ഉണ്ടാവുക. ഈ മത്സരങ്ങൾക്ക് പുറമെ ആയിരിക്കും സെമി ഫൈനൽ മത്സരവും ഫൈനൽ മത്സരവും നടത്തപ്പെടുക. ആദ്യ മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് കൊൽക്കത്തയെ (എടികെ) ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തിയിരുന്നു.

ഇതുവരെ നടത്തപ്പെട്ട അഞ്ച് സീസണുകളിൽ രണ്ട് തവണ കേരള ബ്ലാസ്റ്റേഴ്സ് രണ്ടാം സ്ഥാനത്ത് എത്തിയിട്ടുണ്ട്. വളരെ നേരിയ മാർജിനിൽ ആയിരുന്നു രണ്ട് തവണയും കപ്പ് നഷ്ടമായത്. രണ്ട് തവണയും ഫൈനലിന് ഇറങ്ങിയത് കൊൽക്കത്തക്കെതിരെ. കാനഡക്കാരൻ ഇയാൻ ഹ്യൂമിൽ തുടങ്ങി നിരവധി പ്രതിഭകൾ ഓരോ സീസണിലും കേരളത്തിനു വേണ്ടി കളം നിറഞ്ഞ് കളിച്ചെങ്കിലും ഐഎസ്എൽ കപ്പ് നേടുവാനുള്ള ഭാഗ്യം ഇതുവരെയും തുണച്ചില്ല. ഹ്യൂം തന്നെയായിരുന്നു ആദ്യ സീസണിലെ 'ഹീറോ ഓഫ് ദി ലീഗ്'.

ഏതാണ്ട് കേരളത്തിനോട് സമാനമാണ് ഗോവയുടെ പ്രകടനവും. രണ്ടുതവണ ഗോവ ടീമും രണ്ടാം സ്ഥാനത്ത് എത്തിയിട്ടുണ്ട്. 2015ലും കഴിഞ്ഞ സീസണിലുമായിരുന്നു ഗോവയുടെ ആ മിന്നുന്ന പ്രകടനങ്ങൾ. ബ്ലാസ്റ്റേഴ്സിനെ രണ്ടു വട്ടം ഫൈനലിൽ പരാജയപ്പെടുത്തി കൊൽക്കത്തയും, ഗോവയെയും ബംഗ്ലൂരുവിനെയും ഫൈനലിൽ പരാജയപ്പെടുത്തി ചെന്നൈ ടീമും രണ്ടു തവണ ഐഎസ്എൽ കപ്പ് സ്വന്തം നാട്ടിലെത്തിച്ചു. ഈ കഴിഞ്ഞ 2018-2019 സീസണിലാവട്ടെ ഗോവയെ തോൽപിച്ച് ബാംഗളൂരുവും ഒന്നാം സ്ഥാനത്തെത്തി. വിശദമായ വിവരങ്ങൾ ചേർത്തിരിക്കുന്ന ചിത്രങ്ങളിൽനിന്നും മനസിലാക്കാം.

മുംബൈ സിറ്റി, ഒഡീഷ, പൂനെ സിറ്റി, നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എന്നീ ടീമുകൾക്ക് സെമി ഫൈനൽ മത്സരങ്ങൾ വിജയിച്ച് ഫൈനലിലേക്ക് എത്താൻ ഇതുവരെ സാധിച്ചിട്ടില്ല. ബാംഗളൂർ ആണ് കേരളത്തിനും ഗോവയ്ക്കും പുറമെ രണ്ടാം സ്ഥാനംകൊണ്ട് തൃപ്തിപ്പെടേണ്ടിവന്ന മറ്റൊരു ടീം. എങ്കിലും

| Season | Winner | Score | Runners-up | Hero of the League | Semi-finalists |
|---|---|---|---|---|---|
| 2014 | Atlético de Kolkata | 1–0 | Kerala Blasters | Iain Hume (Kerala Blasters) | Chennaiyin<br>Goa |
| 2015 | Chennaiyin | 3–2 | Goa | Stiven Mendoza (Chennaiyin) | Atlético de Kolkata<br>Delhi Dynamos |
| 2016 | Atlético de Kolkata | 1–1 (4–3 pen.) | Kerala Blasters | Florent Malouda (Delhi Dynamos) | Delhi Dynamos<br>Mumbai City |
| 2017–18 | Chennaiyin | 3–2 | Bengaluru | Sunil Chhetri (Bengaluru) | Goa<br>Pune City |
| 2018–19 | Bengaluru | 1–0 | Goa | Ferran Corominas (Goa) | Mumbai City<br>NorthEast United |

**കഴിഞ്ഞ അഞ്ചു സീസണുകൾ.**

| Club | Championships | Winning seasons | Runners-up |
|---|---|---|---|
| ATK | 2 | 2014, 2016 | 0 |
| Chennaiyin | 2 | 2015, 2018 | 0 |
| Bengaluru | 1 | 2019 | 1 |
| Kerala Blasters | 0 | — | 2 |
| Goa | 0 | — | 2 |

**ഒന്നും രണ്ടും സ്ഥാനക്കാർ ഇതുവരെ**




നീണ്ട അഞ്ചു വർഷത്തെ കാത്തിരിപ്പിനൊടുവിൽ കഴിഞ്ഞുപോയ സീസണിലെ ഒന്നാം സ്ഥാനക്കാരായാണ് ബാംഗളൂർ മടങ്ങിയത്. കഴിഞ്ഞുപോയ അഞ്ച് സീസണുകളും പരിശോധിക്കുമ്പോൾ സുനിൽ ഛേത്രിയാണ് 'ഹീറോ ഓഫ് ദ ലീഗ്' ആയി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഏക ഇന്ത്യൻ താരം.

| No. | Team | Highest finish |
|---|---|---|
| 1 | Goa | 2nd |
| 2 | Chennaiyin | 1st |
| 3 | ATK | 1st |
| 4 | Mumbai City | Semi-finals |
| 5 | Odisha | Semi-finals |
| 6 | Kerala Blasters | 2nd |
| 7 | Pune City | Semi-finals |
| 8 | NorthEast United | Semi-finals |
| 9 | Bengaluru | 1st |
| 10 | Jamshedpur | 5th |
| 11 | Hyderabad | n/a |

ISL ലെ വിവിധ ടീമുകളും ഏറ്റവും ഉയർന്ന പ്രകടനവും

എഴുപത്തിആറോളം തവണ കേരളത്തിനായി മാത്രം ഐഎസ്എലിൽ ബൂട്ടണിഞ്ഞ ജിങ്കന്റെ അഭാവത്തിലായിരുന്നു ഈ സീനിലെ ആദ്യമത്സരത്തിൽ കേരള ടീം കൊൽക്കത്തക്ക് എതിരെ ഇറങ്ങിയത്. കളിയുടെ തുടക്കത്തിൽ തന്നെ ഒരു ഗോൾ വഴങ്ങേണ്ടിയും വന്നിരുന്നു. എന്നാൽ ആദ്യ പകുതിയിൽ തന്നെ ബ്ലാസ്റ്റേഴ്സ് ക്യാപ്റ്റൻ ഇരട്ട ഗോൾ മറുപടിയാണ് ഇതിന് പകരം നൽകിയത്. പന്ത് കൈവശം വച്ച് കളിക്കുന്നതിൽ ശ്രദ്ധ കാണിച്ച ബ്ലാസ്റ്റേഴ്സ് ഇത്തവണ കോർണറുകൾ നേടിയെടുക്കുന്നതിൽ തൽപ്പരരായിരുന്നില്ല. എടികെ ആറ് കോർണറുകൾ നേടിയപ്പോൾ ബ്ലാസ്റ്റേഴ്സ് ആകട്ടെ രണ്ട് കോർണറുകൾ മാത്രമായി ചുരുങ്ങി. കളി അവസാനിക്കുമ്പോൾ കൊൽക്കത്തക്ക് മൂന്ന് മഞ്ഞകാർഡും ബ്ലാസ്റ്റേഴ്സ് താരങ്ങൾക്ക് രണ്ട് മഞ്ഞ കാർഡും വഴങ്ങേണ്ടിവന്നു. ഫൗളുകളുടെ എണ്ണത്തിലും ഇരു ടീമുകളും ഒരു വിട്ടുവീഴ്ചയ്ക്കും തയാറായിരുന്നില്ല.

പാസുകളുടെ എണ്ണത്തിലും കൃത്യതയിലും ബ്ലാസ്റ്റേഴ്സ് ആണ് കൊൽക്കത്തയേക്കാൾ മുന്നിൽ. ഇതോടൊപ്പം രണ്ട് ഗോളുകൾ കൂടി ചേർത്തപ്പോൾ ആദ്യമത്സരം തന്നെ മഞ്ഞപ്പടക്ക് ആവേശമായി.

ഒക്ടോബർ 24ന് മുംബൈ സിറ്റിക്കെതിരെ ആയിരുന്നു രണ്ടാം മത്സരത്തിൽ ബ്ലാസ്റ്റേഴ്സ് ഇറങ്ങിയത്. ആദ്യമത്സരത്തിലെന്നപോലെ പന്ത് കൈവശം വച്ചിരുന്ന സമയത്തിലും പാസുകളുടെ എണ്ണത്തിലും ബ്ലാസ്റ്റേഴ്സ് മുന്നിട്ടുനിന്നെങ്കിലും ഗോൾ നേടാനായില്ല. മത്സരത്തിൽ ഒരു ഗോളിന് വിജയിച്ച മുംബൈ ആകട്ടെ ഏഴ് ഓഫ് സൈഡുകളും രണ്ട് മഞ്ഞകാർഡുകളും വഴങ്ങിയിരുന്നു. ബ്ലാസ്റ്റേഴ്സ് അഞ്ച് കോർണറുകൾ നേടി ആദ്യ മത്സരത്തിലെ പോരായ്മ നികത്തിയെങ്കിലും കളി അവസാനിക്കുമ്പോൾ ഗോളുകൾ നേടാനായില്ല എന്നതിനു പുറമെ രണ്ട് മഞ്ഞകാർഡുകൾകൂടി വഴങ്ങേണ്ടിവന്നു. മറുവശത്ത് ചെന്നൈക്കെതിരെ ആദ്യമത്സരത്തിനിറങ്ങിയ ഗോവ ഗോളടിച്ചുകൂട്ടുന്ന പതിവ് രീതി തുടർന്നു. എതിരില്ലാത്ത മൂന്ന് ഗോളുകൾക്കാണ് ഗോവ ചെന്നൈയെ പരാജയപ്പെടുത്തിയത്. തൊണ്ണൂറ് ലീഗ് മത്സരങ്ങൾ അഞ്ചോളം മാസങ്ങളിലായി നടത്തപ്പെടുന്ന ഈ സീസണിലെ മത്സരഫലങ്ങളും ടീമുകളുടെ പ്രകടനങ്ങളും ഏറെ ക്ഷമയോടെ തന്നെ കാത്തിരിക്കേണ്ടിയിരിക്കുന്നു. ●

| S No. | | Position | Player |
|---|---|---|---|
| 1 | | Goal Keeper | Bilal Khan |
| 2 | | Defender | Mohammad Rakip |
| 3 | | Defender | Jairo Rodrigues |
| 4 | | Defender | Raju Gaikwad |
| 5 | | Midfielder | Mario Arqués |
| 6 | | Midfielder | Moustapha Gning |
| 7 | | Midfielder | Seityasen Singh |
| 8 | | Forward | Bartholomew Ogbeche *(captain)* |
| 9 | | Midfielder | Prashanth K |
| 10 | | GK | Rehenesh TP |
| 11 | | Defender | Jessel Carneiro |
| 12 | | Midfielder | Darren Caldeira |
| 13 | | Midfielder | Rahul KP |
| 14 | | Midfielder | Sahal Abdul Samad |
| 15 | | Midfielder | Halicharan Narzary |
| 16 | | Forward | Mohammad Rafi *(vice-captain)* |
| 17 | | Defender | Sandesh Jhingan *(Injured)* |
| 18 | | Midfielder | Sergio Cidoncha |
| 19 | | Defender | Pritam Singh |
| 20 | | Defender | Abdul Hakku |
| 21 | | Midfielder | Samuel Lalmuanpuia |
| 22 | | Forward | Raphaël Messi Bouli |
| 23 | | Defender | Lalruatthara |
| 24 | | Goal Keeper | Shibinraj Kunniyil |
| 25 | | Defender | Gianni Zuiverloon *(third-captain)* |
| 26 | | Midfielder | Jeakson Singh |

**ഈ സീസണിലെ കേരള ബ്ലാസ്റ്റേഴ്സ് ടീം അംഗങ്ങൾ.**



# ആത്മീയതയുടെ നനുത്ത ഇഴകൾ

**കെ.പി. ശങ്കരൻ**



മേനി പറയുകയാണ് എന്നു തോന്നരുത്. അടുത്തൂൺ പറ്റി തൃശ്ശൂരിൽ പാർപ്പായതിനെത്തുടർന്ന് കഴിഞ്ഞ അഞ്ചെട്ടു കൊല്ലത്തിനകം എന്റെ എഴുത്തിന് ആക്കം കൂടിയിരിക്കയാണ്. ഇതിൽ നല്ലൊരു പങ്ക് അതാതു പുരസ്കാരനിർണയവുമായി ബന്ധപ്പെട്ട വിധിപ്രസ്താവങ്ങൾ; പിന്നെയോ, അവതാരികകളും! രണ്ടാവശ്യങ്ങൾക്കും അല്പം അനിഷ്ടത്തോടെയാണ് വഴങ്ങാറ് എന്നതത്രേ വസ്തുത. എന്നാലും ചിലപ്പോൾ അങ്ങനെ വേണ്ടിവരുന്നു. ആളുകളോടു മറുത്തുനില്ക്കാനുള്ള ആത്മബലം പോരായ്കയാണ് ഇതിനു പിന്നിലെ മൗലികമായ ഒരു വശം. അതിനെ സാധൂകരിക്കാൻ വല്ല വാദവും അവതരിപ്പിക്കാം: ഇതൊക്കെ നിരൂപകന്റെ അഥവാ ആസ്വാദകന്റെ നിയോഗംതന്നെ എന്നോ മറ്റോ. എന്നാലും അനിഷ്ടം, ചിലപ്പോൾ ആവശ്യമായി വരുന്ന "അഭ്യാസം"- എല്ലാം അവശേഷിക്കുന്നു എന്നതത്രേ നേര്.

മറുവശവും വേണമല്ലോ പരിഗണിക്കുക: ചിലപ്പോൾ ഈ യത്നങ്ങളുടെ ഭാഗമായി ഇടപഴകുന്ന ഏതെങ്കിലും കൃതി, മിക്കവാറും അപ്രതീക്ഷിതമായി, നമ്മുടെ സംവേദനത്തിൽ മൃദുതരംഗങ്ങൾ ഉണർത്തുന്നു. മുമ്പ് അജ്ഞാതമായിരുന്ന പ്രതിഭയുടെ പ്രരോഹങ്ങളെ പൊടുന്നനെ കണ്ടെത്തുക എന്നതിൽക്കവിഞ്ഞ് സാഹിത്യ




ത്തിൽനിന്ന് വേറെ എന്തുൻമേഷമാണ് പ്രതീക്ഷിക്കാനുള്ളത്? ഈ മേഖലയിൽ വിരിയുന്ന ഓരോ മൊട്ടിന്റെയും പരിമളം അനുഭവിക്കുക എന്നതാവും ആദർശപരമായി അഭികാമ്യം. പക്ഷേ, അതിനു പ്രായോഗികമായി പരിമിതികളുണ്ടാവുമല്ലോ. പുതിയ എഴുത്തുകാരുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു പ്രത്യേകിച്ചും.

ഈ പശ്ചാത്തലത്തിൽ, ശ്രീ സി.ആർ. രാജനുമായി സമ്പർക്കത്തിന് അവസരം കൈവന്നതിന്റെ സന്തോഷം എടുത്തുപറയേണ്ടിയിരിക്കുന്നു. മുമ്പ് ഈ സുഹൃത്തിനെ തീർത്തും അറിഞ്ഞിരുന്നില്ല എന്നല്ല. ഏതോ ഒന്നുരണ്ടു സാഹിത്യപരിപാടിയുടെ സന്ദർഭത്തിൽ പരിചയം ജനി

ച്ചിട്ടുണ്ട്, ശരിയാണ്. എന്നാൽ അത്തരം യഥാവിലുള്ള പരിചയത്തിന് സാഹിത്യാസ്വാദനത്തിൽ പ്രായേണ ഏറെ സ്ഥാനം കല്പിക്കേണ്ടതില്ല. പിന്നെയോ, സ്വത്വബലംകൊണ്ട് നിങ്ങളെ അഗാധമായി സ്പർശിച്ച ഒരു സൃഷ്ടി ആ പരിചയത്തെ സുപരീക്ഷിതമാക്കുന്നതോടെ, നിങ്ങൾ പുതിയൊരു അങ്കുരത്തെ അടയാളപ്പെടുത്തുകയായി. ആ അങ്കുരത്തെ പുരസ്കാരത്തിനു മതിക്കുന്നതിലോ അതുൾപ്പെടുന്ന പുസ്തകത്തിന് അവതാരിക കുറിക്കുന്നതിലോ പിന്നെ തുടക്കത്തിൽ സൂചിപ്പിച്ച അനിഷ്ടത്തിനു പ്രസക്തിയില്ലതന്നെ. ഔപചാരികതയുടെ സമ്മർദ്ദം അനുഭവിക്കാതെ സ്വാഭാവികമായ ആയത്തിൽ അതൊക്കെ നിറവേറ്റാം എന്ന നില മനസ്സു നേടുന്നു. രാജന്റെ കാര്യത്തിൽ സംഭവിച്ചത് ഇതുതന്നെ.

സ്വതേയുള്ള ആലസ്യത്തോടെ, അപ്രീതിയോടെ ആവാം ഏതാനും ദിവസം മുമ്പ് വി.ടി. പുരസ്കാരത്തിനുള്ള കഥകൾ ഞാൻ വായിച്ചുതുടങ്ങിയത്. ഇനങ്ങളിൽ ആദ്യം വായിക്കാൻ ഇടവന്ന ഒന്നോ രണ്ടോ എണ്ണം ആ അനാസ്ഥയെ ദൃഢപ്പെടുത്തുകയാണോ എന്നു പേടി പിണയായ്കയില്ല. ഭാഗ്യവശാൽ അപ്പോഴാണ്, 'വി.പി.' എന്ന കഥ കൈയിലെടുത്തത്. അതുളവാക്കിയ ഊഷ്മളത നമ്മുടെ കഥയിൽ എനിക്കുള്ള പ്രത്യാശയും വിശ്വാസവും ഉറപ്പിച്ചുതന്നു എന്ന് ആ അംശം സംഗ്രഹിക്കട്ടെ. കഥാകൃത്ത് ഇന്നയാൾ എന്നറിയാറാവുന്നതു വഴിയേ. അപ്പോഴും, അത് മുമ്പു പരിചയിച്ച വ്യക്തിയാണല്ലോ എന്ന പ്രത്യഭിജ്ഞ ഉണർന്നില്ല. തുടർന്ന് ആകസ്മികമായി നടന്ന അഭിമുഖത്തിലത്രേ ആ ഉണർച്ച നടന്നത്. നന്നായി, വിധിനിർണയം മുൻപരിചയത്താൽ അബാധിതം എന്നു വരുന്നതുതന്നെയാണല്ലോ ആശാസ്യം. വി.പി.യുടെ നിസ്തുലതതന്നെ അതിനു പുരസ്കാരം നേടിക്കൊടുത്തത് എന്നതിൽ വിധിനിർണേതാക്കൾക്ക് എന്നപോലെ രാജനും ആഹ്ലാദിക്കാം. അതിനു പിറകെയാണ് ആ കഥ ഉൾപ്പെടെ ഏതാനും ഉദ്ഗമങ്ങൾ സമാഹരിക്കുന്നതിന് എളിയൊരു അവതരണക്കുറിപ്പ് എന്ന അപേക്ഷ ഉയരുന്നത്. ഞാനെങ്ങനെ ഉപേക്ഷിക്കും!

*** *** ***   *** *** ***

1967-ൽ ഉദ്യോഗസംബന്ധമായി ഞാൻ മറുനാട്ടിലേക്കു തിരിച്ചു. മുപ്പതിൽപ്പരം കൊല്ലങ്ങൾക്കു പിറകെയാണ് പിന്നെ തൃശ്ശൂരിൽ മടങ്ങിയെത്തിയത്. അന്നേക്ക്, ഞാൻ വിട്ടുപോയ തൃശ്ശൂർ ആകെ മാറിയിരുന്നു. കുന്നംകുളത്തിനു പകരം ബസ്സുകാർ കുന്ദംകുളം എന്നേ എഴുതൂ- ഇത് ഈ മാറ്റത്തിന്റെ ലിപിരൂപത്തിലുള്ള സാക്ഷ്യം. സ്വർണ്ണക്കടകളും തുണിക്കടകളും കണക്കില്ലാതെ പെരുകിയതുതൊട്ട് ഇതിന്റെ വേറെ സൂചനകളും സുലഭമായിരുന്നു. ഏറ്റവും ദാരുണം തൃശ്ശൂരിന്റെ തെളിഞ്ഞ അന്തരീക്ഷം തുളച്ചും മറച്ചും ഉയർന്നുതുടങ്ങിയ ആകാശഭീമന്മാരത്രേ. അങ്ങനെയൊന്നിലാണല്ലോ ഗതികേടുകൊണ്ട് ഞാനും കുടിപാർപ്പ് ആരംഭിച്ചത്. അന്ന് ചുറ്റും പൂത്തോളിന്റെ ഗ്രാമീണമായ പച്ചപ്പിനു ഗാഢമായി പരിക്കേറ്റിരുന്നില്ല. എന്റേത് നാലുനിലയിലും പതിനാറു താവളങ്ങളിലും അടങ്ങിയിരിക്കയാണല്ലോ എന്നാശ്വസിച്ച് ഞാൻ ആ പച്ചപ്പിലേക്കു കണ്ണയച്ച് സാന്ത്വനം അനുഭവിച്ചുപോന്നു. പക്ഷേ, പതുക്കെ പച്ചപ്പിൽ കയ്യേറ്റങ്ങൾ കടന്നുകയറുകയായി. അവയ്ക്കാവട്ടെ, ഭൂമിയോടെന്നല്ല ആകാശത്തോടും കാണായില്ല കാരുണ്യം. കീഴടക്കുക എന്ന ആസുരമായ വാശിയിൽ കൂറ്റൻ കെട്ടിടനിർമ്മാതാക്കൾ ഏതു മുക്കിലും മൂലയിലും വലിഞ്ഞുവന്നെത്തുകയായി. അവരുയർത്തിയ നെടുനെട്ടൻ എട്ടുനിലകൾക്കും പത്തുനിലകൾക്കും നടുക്ക് എന്റെ ഫ്ളാറ്റ്സമുച്ചയം കുറുമുണ്ടനായി ചൂളി. തൃശ്ശൂരുപോലെ താരതമ്യേന ശാന്തമായ ഒരു സങ്കേതത്തിൽപ്പോലും റിയൽ എസ്റ്റേറ്റ് താല്പര്യങ്ങളുടെ അന്ധമായ തേരോട്ടത്തിൽ എന്തൊക്കെയോ താണടിയുകയും വീണമരുകയുമാണ് എന്നു ഞാൻ നിസ്സഹായമായ സങ്കടത്തോടെ തിരിച്ചറിഞ്ഞു.

പോട്ടെ, ഇതു കൂടുതൽ വിവരിക്കുന്നില്ല. ഇത്തരമൊരു സാഹചര്യത്തിൽ എഴുത്തുകാരന്റെ മൃദുലത മുറിപ്പെടുന്നു, മൂല്യബോധം മൂർച്ച നേടുന്നു എന്നതത്രേ ഈ കുറിപ്പിൽ സഹാതമായ വശം. ഈ മുറിവും മൂർച്ചയും മൂർത്തമാക്കുന്നു സി.ആർ. രാജന്റെ വി.പി. എന്ന കഥ. ഇതുതന്നെ തന്റെ സമാഹാരത്തിലെ ശീർഷകരചനയായിരിക്കട്ടെ- കാഥികന്റെ നിശ്ചയം സാർത്ഥകമാണ്.

വ്യാപാരത്തിന്റെ വഴികൾ തീരെ പരിചിതമല്ലാത്ത ഒരു പാവത്താനാണ് ഞാൻ. എങ്കിലും ആ മേഖല കുതന്ത്രങ്ങളുടേതാണ് എന്ന ബോധം വ്യാപകമാണല്ലോ. പണ്ടത്തെ കുതന്ത്രങ്ങൾ നേരിട്ടുതന്നെ ക്രൂരമാണ് എന്നതായിരുന്നു നില. എന്നാൽ ആഗോളമുതലാളിത്തത്തിന്റെ സാധാരണക്കാരന് അദൃശ്യമായ ശൃംഖലകൾ സംഘടിതമായി വ്യാപാരം പിടിച്ചടക്കിയതോടെ, ആളുകളെ സമീപിക്കുന്ന രീതിശാസ്ത്രം മാറിയിരിക്കുന്നു. കുത്തിക്കൊല്ലുക എന്ന ക്രൂരത നക്കിക്കൊല്ലുക എന്ന കുടിലതയിലേക്കു സംക്രമിച്ചിരിക്കുന്നു. ഏതു സ്രോതസ്സുപയോഗിച്ചും പാവപ്പെട്ടവരെ അടിയറവുപറയിക്കുക എന്നതിൽക്കവിഞ്ഞ് ഒരു നീതിബോധവും വ്യാപാരക്കുത്തകകളെ സ്പർശിക്കാതായിരിക്കുന്നു. കോർപ്പറേറ്റ് മേധാവികളുടെ പിൻബലത്തോടെ ഇപ്പോൾ പ്രത്യേകം പുഷ്ടിപ്പെട്ടുവരുന്ന വിദ്യാഭ്യാസരംഗമാണല്ലോ മാനേജ്മെന്റ്. മനുഷ്യരെ എങ്ങനെ മയക്കണം, വളയ്ക്കണം, വലയ്ക്കണം, ഒടുക്കണം - ഓരോന്നിലും ഈ രംഗം വിശേഷശിക്ഷണം പകർന്നുകൊടുക്കുന്നു എന്നാകുന്നു ഖ്യാതി. മനുഷ്യർ എന്ന പദം കാലഹരണപ്പെട്ടിരിക്കുന്നു. മനുഷ്യവിഭവങ്ങൾ എന്നാണല്ലോ പരിഷ്കൃതമായ വ്യപദേശം. മനുഷ്യൻ എന്ന അന്തസ്സത്ത വി

ഭവം എന്ന അചേതനത്തിലേക്കു വെട്ടിച്ചുരുക്കപ്പെടുന്നു എന്നതത്രേ ഈ വ്യപദേശത്തിലെ പൊരുള്. ഇതു മറച്ചുവെയ്ക്കാനുള്ള പ്രമാണങ്ങളും പ്രലോഭനങ്ങളും നിപുണമായി പ്രയോജനപ്പെടുത്താനുള്ള ശിക്ഷണമാവാം മാനേജ്മെന്റ് പരിശീലനത്തിന്റെ പേരിൽ സ്വീകരിക്കപ്പെടുന്നത്. സ്വീകരിക്കയും സ്വന്തം സൂത്രശാലിത്വംകൊണ്ട് അവ സുപരീക്ഷിതമാക്കയും ചെയ്യുന്നു എന്നതുതന്നെ വി.പി. എന്ന വിദഗ്ധന്റെ വ്യക്തിത്വം. തന്റെ സ്ഥാപനത്തിന്റെ അന്തസ്സും അംഗീകാരവും അന്യൂനമാവണം എന്ന് അയാൾക്ക് നിർബന്ധമുണ്ട്. ഇതു ക്രമേണ അയാളുടെ കീഴ്പ്പടവുകളിലേക്കും നിസ്രുതമാവുന്നതിന്റെ നേർസാക്ഷ്യം കഥയിൽ കാണാം. എന്നിട്ടോ, കീഴ്പ്പടവുകാർ കാര്യം നേടുന്നതോടെ, അതിന് ഇരയായി ആദേശം ചെയ്യപ്പെടുന്ന സാധുക്കളുടെ സമീപത്തെത്തി അഭിനയത്തികവോടെ ആശ്വസിപ്പിക്കാനും വി.പി. സങ്കോചിക്കുന്നില്ല. അത്തരമൊരു സന്ദർഭത്തിൽ കഥയിൽ സ്ഥാനപ്പെടുന്ന വാക്യം സവിശേഷമായ ശ്രദ്ധ അർഹിക്കുന്നു: "അതോടെ വി.പി. എന്ന സ്നേഹമൂർത്തി കുരുക്ഷേത്രസാരഥിയെപ്പോലെ അയാൾക്ക് ആരാധ്യനായി". എല്ലാം ഇരിക്കട്ടെ, 'കുരുക്ഷേത്രസാരഥിയെപ്പോലെ'എന്ന സാദൃശ്യമാകുന്നു സർവപ്രധാനം. ആ സാരഥി ധർമ്മസംസ്ഥാപനം ഉന്നമാക്കി ഉപദേശിച്ച ഗീതയാണുപോലും ഈയിടെയായി മാനേജ്മെന്റ് കോഴ്സുകൾക്ക് പ്രാണബലം പകരുന്ന മൗലികമായ പാഠപുസ്തകങ്ങളിലൊന്ന്. ഉന്നത്തെ മറക്കുക, എന്തും ഉപാധിയായി ചുരുക്കുക എന്നതാണല്ലോ നമ്മുടെ കാലഘട്ടത്തിന്റെ പൊതുപ്രവണത. ഇതിന്റെ പ്രത്യക്ഷരൂപമായി രാജൻ വി.പി.യെ സൃഷ്ടിച്ചെടുത്തിരിക്കുന്നു. ഈ സൃഷ്ടിയിലെ എടുത്തുപറയേണ്ട സിദ്ധി ന്യൂനോക്തിയാണെന്നു തോന്നുന്നു. സ്വതേ എഴുത്തുകാരനെ വാചാലനാക്കാവുന്ന സാധ്യതയുണ്ട് വി.പി.യുടെ വ്യക്തിത്വത്തിന്. ഇവിടെ വാചാലത സൂക്ഷ്മമായി വർജിച്ചിരിക്കുന്നു. വി.പി. കീഴാളർക്കു കൊടുക്കുന്ന നിർദേശങ്ങളുടെ വസ്തുനിഷ്ഠത, അവരുടെ യോഗത്തിൽ നടത്തുന്ന കരുനീക്കങ്ങളിലെ വൈദഗ്ധ്യം- എല്ലാമല്ലാതെ, ആഖ്യാതാവ് പാത്രവിവരണത്തിൽ നേരിട്ടു പങ്കാളിയാവുന്നില്ല എന്നതത്രേ ഇവിടത്തെ കല. വി.പി.യുടെ കീഴാളർക്ക് മാനുഷികമായ വല്ല ദൗർബല്യങ്ങളുടെയും ബാധയുണ്ടാവാം. അനന്തരാമന്റെ നില ഇപ്രകാരം രേഖപ്പെടുത്തുന്നുണ്ടല്ലോ: "ഇപ്പോൾ, ഒരമ്മ തന്നെ അലട്ടുന്നുവെന്ന സത്യം അയാൾക്കു വിസ്മരിക്കാനായില്ല". വി.പി.ക്കോ- വിസ്മരിക്കേണ്ടതു വിസ്മരിക്കാം. പ്രകടനപരത വേണ്ടിടത്ത് സ്മരണ ഔപചാരികമായി പുറത്തെടുക്കാം -ഒന്നിനുമില്ല ഒരു പ്രയാസവും. രക്തസാക്ഷിയായ രാഘവൻമാസ്റ്റർക്ക് മുറ്റത്തെ തുളസിത്തറ എന്ന വിനീതമായ സ്മാരകം; അതുനോക്കി അദ്ദേഹത്തിന്റെ ആദർശനിധിയായ മകൻ രാമനാഥൻ ആകുലപ്പെടും, ആശ്വാസം തേടുകയും ചെയ്യും. പഴയ ഈടുവെപ്പുകൾ എല്ലാം തകർന്നടിയവേ, ഇടയ്ക്കു നില്ക്കുന്ന ഈ തുളസിത്തറ കഥയിൽ കാതലായൊരു ചിഹ്നമാണ്. അതവിടെ ഉണ്ട് എന്നതായിരുന്നു രാമനാഥന് തന്റെയും അമ്മയുടെയും ഇത്തിരി മണ്ണ് വി.പി.യുടെ പദ്ധതിക്കു വിട്ടുകൊടുക്കുന്നതിനുള്ള വികാരപരമായ വിസമ്മതം. വി.പി. തന്ത്രപൂർവം ആ വിസമ്മതത്തിന്റെ വേരറുത്തു. അതിനുള്ള പദ്ധതി അനുക്രമം വികസിക്കവേ രാമനാഥന്റെയും അമ്മയുടെയും നിലയോ? ഒട്ടും നിറപ്പകിട്ടു വരുത്താത്ത നിസ്സംഗമായ വാക്യങ്ങളിൽ രാജൻ അതു രേഖപ്പെടുത്തുന്നു: "രാമനാഥനും അമ്മയും പൊടി ശ്വസിച്ചങ്ങനെ കഴിഞ്ഞു. വീടിനുതറ കെട്ടുന്നതിനായി കോരിയിട്ട മണ്ണ് കാറ്റിൽ പറന്നു. അമ്മ കുറെയൊക്കെ ചുമച്ച് ഒതുങ്ങിക്കിടന്നു. പിന്നെ ആശുപത്രിയിൽ കിടന്നു. ഒടുക്കം ഭാരതപ്പുഴയോരത്തും. അങ്ങനെ രാമനാഥൻ തനിച്ചായി". മഹാ നിഷ്ഠുരതയുടെ ചുരുള് ഇപ്രകാരം എളിയ ചൂർണികകളിലൂടെ നിഷ്കർഷയോടെ അഴിക്കുന്നിടത്ത് കഥാകൃത്ത് ശൈലിയിൽ നേടിയ സാഫല്യത്തെ സാക്ഷ്യപ്പെടുത്തുന്നു. ഈവിധം രാമനാഥനെ എല്ലാ അർത്ഥത്തിലും ഏകാകിയാക്കി. എന്നല്ല, അയാളുടെ സ്ഥലംകൂടി അധീനപ്പെടുത്തി ഉയർത്തിയ 'സ്കൈ ടച്ചി'ന്റെ ആറാം നിലയിൽ അഭയം നല്കുക എന്ന കാരുണ്യം ആ സാധുവിലേക്കു ചുരത്തുകയും ചെയ്തു. ഭൗതികമായ എല്ലാ സൗകര്യങ്ങളും അയാൾക്കു സജ്ജീകരിച്ചുകൊടുക്കാനും ശ്രദ്ധിച്ചു. പിന്നെയും അയാളെ വല്ല വേവലാതിയും അലട്ടിയിരുന്നെങ്കിൽ ആരുടെ കുറ്റം? ആർജിച്ചുപോയ സംസ്കാരത്തിന്റെ വേരു വലിച്ചു പറിച്ചെടുക്കാൻ അയാൾതന്നെ കിണയേണ്ടേ?

അതു പറ്റുന്നില്ല എന്നതാവാം ആ പാവത്താന്റെ ദുര്യോഗം. കഥയുടെ സമാപനത്തോടടുത്ത് ഒരു പ്രകരണത്തിൽ രണ്ടു ദൃശ്യങ്ങൾ മേളിപ്പിച്ചതിന്റെ പൊരുള് ഇവിടെ ഓർക്കാവുന്നതത്രേ: ഫ്ളാറ്റിന്റെ ജനലിനരികെ കസേരയിൽ ചാരിക്കിടന്ന്, പിങ്ക് ധനകാര്യപത്രങ്ങൾ കുരുക്ഷേത്ര റിയൽ ടോഴ്സിനെ ഫീച്ചർ ചെയ്തത് രാമനാഥൻ വായിക്കുന്നത് ഒന്നാം ദൃശ്യം. രണ്ടാമത്തേതോ, അതിനിടെ അലോസരം തൂവിക്കൊണ്ട്, 'സായന്തനങ്ങളിൽ മൈതാനമധ്യേയുള്ള ക്ഷേത്രത്തിന്റെ ചുറ്റുമതിലിൽ ചെരാതുകൾ തെളിയു'ന്നത്.

വി.പി.ക്ക് ഈവക സങ്കോചങ്ങളൊന്നുമില്ല. സാക്ഷാൽ സംസ്കാരത്തെ ഉന്മൂലനം ചെയ്യുക; അതിന്റെ സാന്നിധ്യം യാന്ത്രികമായ ചിഹ്നങ്ങളിലേക്കു ഒതുക്കുക- ഇതാണല്ലോ ഇന്നത്തെ രീതി. വി.പി.യുടെ സ്ഥാപനം രാഘവൻമാസ്റ്ററുടെ അസ്ഥിത്തറ വിലകൂടിയ ഗ്രാനൈറ്റ് പാളികൾകൊണ്ട് പുതുക്കിപ്പണിതിട്ടുണ്ടല്ലോ. അവിടെ അ

മ്മ ദീപം പകർന്നിരുന്ന ചെരാതിന്റെ സ്ഥാനത്ത്, എന്നും തെളിയിക്കാൻ മിനക്കെടേണ്ടതില്ലാത്ത പ്രകാശനാളം പ്രതിഷ്ഠിച്ചിട്ടുമുണ്ട്. രാമനാഥന് അത് 'കരയിൽ വീണ മത്സ്യത്തിന്റെ കണ്ണുപോലെ എന്തോ ഒന്ന്' ആയി തോന്നുന്നത് അയാളുടെ ദൃഷ്ടിദോഷം!

ഇതൊക്കെ പൊറുക്കാം. രാഘവൻമാസ്റ്റർ എന്ന പുണ്യസ്മൃതിയുടെ നെഞ്ഞത്ത് ഒരു നെടുങ്കരിങ്കല്ലുകൂടി വി.പി. നാട്ടുന്നു– ഇരുപതു നിലകളിൽ ഒരു കെട്ടിടസമുച്ചയം! താഴെ പച്ചപ്പുൽ വിരിപ്പിൽ കീർത്തിഫലകം അനാച്ഛാദനവേളയിൽ രാഘവൻമാസ്റ്റർ, അദ്ദേഹത്തിന്റെ പത്നി, മകൻ രാമനാഥൻ എന്നിവർക്ക് 'പളുങ്കു പൊതിഞ്ഞ പദങ്ങളാൽ വാഴ്ത്ത്' – ഒന്നിനും ഒരു കുറവും വരുത്തുന്നില്ല.

ഒടുക്കത്തെ വാക്യത്തിലാണ് വി.പി.യുടെ വിശ്വരൂപം വെളിപ്പെടുക. ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ ഒറ്റിക്കൊടുത്ത് രാഘവൻമാസ്റ്ററെ രക്തസാക്ഷിയാക്കിയത് ഏതു വിരലാണോ, അതുതന്നെ ഇപ്പോൾ ആഗോളസാമ്പത്തികാധിനിവേശത്തിന് അപ്രതിരോധ്യമാംവിധം ആ സ്മരണയെ വിധേയമാക്കിയിരിക്കുന്നു. ഇത് നമ്മുടെ കാലഘട്ടത്തിന്റെ വിപര്യയമത്രേ. ഈ വിപര്യയം രേഖപ്പെടുത്തുന്നതോടെ വി.പി. എന്ന കഥ ഒരു സാംസ്കാരിക വിഭവമായി വികസിക്കുന്നു; കഥാകൃത്തിന്റെ മൂല്യബോധത്തിന്റെ വെളിപാടായും. സമാഹാരത്തിലെ മറ്റു കഥകളെ ഈ അനുപാതത്തിൽ സ്പർശിക്കാൻ ഇത്തരമൊരു അവതരണക്കുറിപ്പിനു നിയാമകമാവേണ്ട ഔചിത്യബോധം അനുവദിക്കുന്നില്ല. എല്ലാറ്റിലുമുണ്ട് സാഹസികമായ തനിമയുടെ സ്ഫുരണം എന്ന് ഒറ്റ നിരീക്ഷണത്തിന്റെ ശ്ലോകത്തിലൊതുക്കാനേ ഉള്ളൂ തൽക്കാലം നിവൃത്തി. കൂട്ടത്തിൽ ഒടുക്കത്തേതുണ്ടല്ലോ, 'കയ്യൊപ്പു ചാർത്തുവാൻ ഒരിടം' , അത് വിചിത്രമായ ഏതോ വിധത്തിൽ ആദ്യത്തേതിനോടു പൊരുത്തപ്പെടുന്നില്ലെ എന്നാലോചിച്ചുപോകയാണ്. അച്ഛനെ ശത്രുവായി കണ്ട് ആ വെറുപ്പും വിദ്വേഷവും ഉത്തേജനമാക്കി വെച്ചടി വെച്ചടി കേറ്റം അടയാളപ്പെടുത്തിയ മകൻ. അച്ഛനെ അടക്കം ചെയ്യാനുള്ള കല്ലറ മുൻകൂട്ടി തീറുവാങ്ങി രേഖ അച്ഛന് എത്തിച്ചുകൊടുക്കാനും അയാൾ ശ്രദ്ധിച്ചു. ഇത്രയ്ക്കാവാമോ എന്നു ശങ്കിച്ച കൂട്ടാളിയോട് മകന്റെ സമാധാനം സ്പഷ്ടമായിരുന്നു: "അയാൾ എനിക്കിപ്പോൾ ജഡമാണ്. ഇനി സംസ്കരിക്കുകയേ വേണ്ടൂ". എന്നാൽ നിയതി, പ്രകൃതിനീതി എന്നൊക്കെ പഴവന്മാർ വ്യവഹരിക്കുന്ന എന്തോ ഒന്നിന്റെ പ്രവർത്തനം ആകസ്മികമായിരുന്നു; അച്ഛന് ഒരുക്കിവച്ച കല്ലറ മകന്റെ ശരീരത്തെ ഏറ്റുവാങ്ങി. ഇതുസംബന്ധിച്ച് കൂട്ടാളിയുടെ ഓർമ്മയിൽ ഒന്നുരണ്ടു വാക്യങ്ങൾ. അവയിൽ ഒടുക്കത്തേത് ഇങ്ങനെ: "ഒരാളെ മണ്ണ് ഇഷ്ടപ്പെടുംവരെയത്രേ അയാളുടെ ആയുസ്സ് ". അർത്ഥനിർഭരമായ ഈ വാക്യത്തിന് ആത്മീയമായ ഒരു തലമുണ്ട് എന്നു ഞാൻ വിചാരിക്കുന്നു. ഈ തലം രാജന്റെ ഇതര കഥകളിലേക്കും അന്വയിക്കാവുന്നതാണ് എന്നത് അവയുടെ വ്യതിരിക്തതയായി എടുത്തുകാട്ടാവുന്നതാണ്. വിശേഷിച്ചും 'വിചാരണക്കോടതികൾ അറിയാൻ' എന്ന അഞ്ചാമത്തെ കഥ. സദ്ദാം ഹുസൈനെ അമേരിക്കൻ സാമ്രാജ്യത്വം തുടച്ചു നീക്കി. ബുഷിന് എന്നിട്ട് എന്തു തിരിച്ചടിയേറ്റു? കല്ലറയിൽ അടങ്ങുക എന്നതിനേക്കാൾ കടുത്ത തിരിച്ചടിയല്ലേ അമേരിക്കൻ ജനത കഴിഞ്ഞ തിരഞ്ഞെടുപ്പിലൂടെ ഏല്പിച്ചത്. സംസ്കാരം നാളിതുവരെ നേരിടാത്ത വിപര്യയങ്ങൾക്ക് ഇരയാവുമ്പോൾ, വിധിയുടെ തിരിച്ചടി എന്ന വിശ്വാസത്തിൽ ഇടയ്ക്ക് എഴുത്തുകാരൻ എത്തിച്ചേർന്നുപോകുന്നു. അന്ധവിശ്വാസമായിട്ടല്ല, ആത്മീയതയുടെ ഒരു ഇഴയായി അതിനെ വിലയിരുത്തുന്നതാവും വിവേകിത. മരണം, മതം, മതത്തിലെ കുമ്പസാരം അടക്കമുള്ള വ്യവസ്ഥകൾ– പലതിനെയും മുൻനിർത്തിഒട്ടും വാചാലമാവാത്ത വീണ്ടുവിചാരങ്ങൾക്കു മുതിരുന്ന വ്യതിരിക്തമായ മനസ്സത്രേ രാജന്റെ കഥകളിൽ സ്പന്ദിക്കുന്നത്. "മരിച്ചവരുടെ ലോകത്ത് സ്പർദ്ധയ്ക്ക് എന്തു സ്ഥാനം!" എന്ന ചിന്തയ്ക്ക് അനുബന്ധമായി ഇവിടെ 'മരിച്ചു ചെന്നാൽ കാണുന്ന ഒരിടം' എന്ന കഥയിലെ വിചിത്ര കഥാപാത്രം ചേർക്കുന്നു: "ജീവജാലങ്ങളെല്ലാം ഭൂമിയിലും ഒന്നുപോലെ കഴിയേണ്ടവരാണ്".

ഇന്നത്തെ സാഹചര്യത്തിന് അനുരൂപമായ ആത്മീയതയുടെ ഇത്തരം ഇഴകൾ നനുക്കെ പാവിക്കാണുന്നു എന്നത് രാജന്റെ രചനകളെ കേവലസാമാന്യത്തിന്റെ വിതാനത്തിൽനിന്നു വേർപെടുത്തുന്നു. മുഖക്കുറിപ്പിൽ താൻ വിഹ്വലനാവുന്നുണ്ട്: "തുളവീണ മനസ്സിനും വക്കുപൊട്ടിയ ജീവിതത്തിനും വായനക്കാരൻ കൂട്ടിരിക്കുന്നതെന്തിന് എന്ന ചോദ്യവും പ്രസക്തമാണല്ലോ". തുളവീണ മനസ്സും വക്കുപൊട്ടിയ ജീവിതവുമാണ് എഴുത്തുകാരന്റെ ഏറ്റവും മുന്തിയ അസംസ്കൃത വസ്തുക്കൾ. അവയെ സംസ്കരിക്കുന്നതു സംബന്ധിച്ചും ഉണ്ട് തനിക്കു സന്ദേഹം: "സ്വകാര്യ വേവലാതികളിൽ വെന്ത കഥകളുടെ സ്വാദ് എന്തെന്ന ശങ്കയോടെയാണ് ഈ പുസ്തകം വായനാലോകത്തിനു സമർപ്പിക്കുന്നത് ". ഇത്തരം സന്ദേഹങ്ങളും, ഇന്ന് അങ്ങാടിനിലവാരമായി നിജപ്പെട്ടു കഴിഞ്ഞിരിക്കുന്ന ഔദ്ധത്യത്തിനു നടുക്ക്, രാജൻ എന്ന കഥാകൃത്തിന് മികച്ച ആത്മീയമൂലധനമായി പ്രവർത്തിച്ചോളും എന്നാകുന്നു എന്റെ പ്രതീക്ഷ.

# എഴുത്തും കുത്തും





സി. ആർ. രാജൻ

**സാഹിത്യമാസികകളിൽ പ്രസിദ്ധീകരിക്കുന്ന രചനകളെ വിലയിരുത്തുന്ന പംക്തിയാണ് എഴുത്തും കുത്തും. വാരികകളിലും ദ്വൈവാരികകളിലും പ്രകാശിതമാകുന്ന രചനകൾ ഇവിടെ ഉൾപ്പെടുത്തുന്നില്ല. പ്രചാരം വർധിപ്പിക്കുന്നതിനും നിലനിൽപ്പിനും പ്രയാസപ്പെടുന്നവയാണ് മാസികകളിൽ അധികവും. ശ്രദ്ധിക്കപ്പെടേണ്ടുന്ന രചനകൾ ഈ മാസികകളിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതേക്കുറിച്ചുള്ള സൂചനകൾ സഹൃദയസമക്ഷം അവതരിപ്പിക്കുകയാണ് ഈ പംക്തിയുടെ ലക്ഷ്യം.**

മലയാളത്തിന്റെ പ്രിയ എഴുത്തുകാരി മാധവിക്കുട്ടിയുടെ 'ജാനുവമ്മ പറഞ്ഞ കഥ' ഒരിക്കൽകൂടി രസിച്ചു വായിച്ചതിന്റെ ആസ്വാദനകുറിപ്പ് ഒക്ടോബർ ലക്കം കലാപൂർണയിലുണ്ട്. പ്രമുഖ വിമർശകനും ഭാഷാ പണ്ഡിതനുമായ പ്രൊഫ. കെ.പി.ശങ്കരന്റേതാണ് പുനർവായനാ കുറിപ്പ്.

മാധവിക്കുട്ടിയുടെ പല കഥകളെകുറിച്ചും മുമ്പ് പരാമർശിച്ചപ്പോഴൊന്നും, ഈ കഥയിൽ മനസിരുത്തിയില്ലല്ലോ എന്ന മൗഢ്യസമ്മതത്തോടെയാണ് അദ്ദേഹം കഥാ ആസ്വാദനം തുടങ്ങുന്നത്. ഈ കഥയിലെ ഭാഷാപ്രയോഗത്തിന് ഉദാഹരണങ്ങൾ ഏറെ നിരത്തിയിട്ടുണ്ട് ശങ്കരൻ. സരളവും സഫലവുമായ ഭാഷാവിന്യാസം എന്നദ്ദേഹം അതിനെ വിലയിരുത്തുന്നു.

സൃഷ്ടി സ്രഷ്ടാവിൽനിന്നും സ്വതന്ത്രമായി ഉരുവം കൊള്ളുക എന്ന അദ്ഭുതത്തിന്, ഇതിലെ ജാനുവമ്മ എന്ന കഥാപാത്രം നേർക്കാഴ്ചയാകുന്നു എന്നദ്ദേഹം സമർത്ഥിക്കുന്നു. മാധവിക്കുട്ടിയെയും ജാനുവമ്മയെയും ആത്മാവിഷ്കാരത്തിന്റെ മൂശയിൽ ഇണക്കി, രസാനുഭവം പങ്കുവച്ച കെ.പി.ശങ്കരന്റെ ശ്രേഷ്ഠ രചനയാണ് 'ഉൾക്കാഴ്ച ഉണർത്തിയ ഒരനുഭവം.'

ആറ്റൂർ രവിവർമ്മയെ കുറിച്ചും മുണ്ടൂർ സേതുമാധവനെക്കുറിച്ചുമുള്ള സ്മരണകൾ കഥാപൂർണയിലുണ്ട്. യഥാക്രമം ദിവാകരൻ വിഷ്ണുമംഗലവും ജയൻ പുതുമനയുമാണ് ഓർമകൾ പങ്കുവച്ചിരിക്കുന്നത്. ആറ്റൂരിനെ ദിവാകരൻ സ്മരിക്കുന്നത്, അദ്ദേഹത്തിന്റെ കവിതകളുടെ ആസ്വാദനത്തിലൂടെയാണ്. മുണ്ടൂർ സേതുമാധവന്റെ വ്യക്തിജീവിതവും ആകസ്മിക അനുഭവങ്ങളും കോർത്തിണക്കിയാണ് ജയൻ പുതുമനയുടെ 'ഓർമ്മ' വിവരണം. മുണ്ടൂരിന്റെ ആദ്യ സിനിമാകഥ, സ്വജീവിതത്തിന് കിടപ്പാടം നൽകിയ ആകസ്മികതാ വിവരണം ഹൃദ്യമാണ്.

'സാംസ്കാരിക കമലദളം' മാസികയുടെ ഒക്ടോബർ ലക്കത്തിലും മാനേജിംഗ് എഡിറ്ററുടെ പതിവ് കുറിപ്പ് കണ്ടു; 'സൃഷ്ടികളിൽ മാസികയുടെ നിലവാരത്തിനും ലക്ഷ്യത്തിനും അനുയോജ്യമായ മാറ്റം വരുത്തുന്നതിന് എഡിറ്റോറിയൽ ബോർഡിന് അവകാശം ഉണ്ടായിരിക്കും' എന്നാണ് പ്രസ്തുത കുറിപ്പ്. എന്നിട്ടും ഭേദപ്പെട്ട രചനകൾ മാസികയിൽ കണ്ടെത്താൻ കഴിയാതിരുന്നത് വായനക്കാരന്റെ പ്രാപ്തിക്കുറവാകുമോ!



കെ.പി.ശങ്കരൻ



മാധവിക്കുട്ടി



ആറ്റൂർ രവിവർമ്മ

ഗാന്ധിജയന്തിയുടെ 150-ാം വാർഷികമായതിനാലാകാം ശ്രുതിവാണി മാസിക രണ്ട് പ്രമുഖ ലേഖനങ്ങൾ ഒക്ടോബർ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'ഇന്ത്യയെ കണ്ടെത്തേണ്ടത് ഗാന്ധിജിയിലൂടെ' എന്ന പി.വി.കൃഷ്ണൻനായരുടെ ലേഖനവും സി.എ.കൃഷ്ണൻ രചന നിർവഹിച്ച 'മറക്കരുത് മഹാത്മാവിനെ' എന്ന ലേഖനവും.

'ജനകീയ സമരങ്ങളിൽ ഇന്നും ഗാന്ധി ഉണ്ട്' എന്ന മറ്റൊരു ലേഖനം മൂല്യശ്രുതി മാസികയിലും വായിച്ചു. സി.ആർ.നീലകണ്ഠനാണ് ഈ പ്രൗഢ ലേഖനത്തിന്റെ കർത്താവ്. സമകാലികമായ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട്, ഗാന്ധിദർശനങ്ങളുടെ അവലോകനമാണ് നീലകണ്ഠൻ നിർവഹിച്ചിരിക്കുന്നത്.

'ലോകം ഇന്ന് നേരിടുന്ന ഒട്ടനവധി പ്രതിസന്ധികൾക്കുള്ള പരിഹാരം തേടി പോകുമ്പോൾ നാം എത്തിച്ചേരുന്നത് ഗാന്ധിയിലാണ്' - എന്ന് ഒരിക്കൽ ഒബാമ പറഞ്ഞതു നീലകണ്ഠൻ ഉദ്ധരിക്കുന്നുണ്ട്. ഹിംസാത്മക പ്രവണതകൾക്കെതിരെ അഹിംസയുടെ സന്ദേശം കൂടുതൽ പ്രചരിക്കപ്പെടേണ്ട കാലസന്ധിയിലൂടെയാണ് നാം സ

ഞ്ചരിക്കുന്നതെന്നും അദ്ദേഹം ഓർമപ്പെടുത്തുന്നു.

പരസ്യങ്ങൾ കുത്തിനിറച്ച ഒരു സോവനീർ മാത്രമാണ് മാസിക എന്ന പേരിൽ വായനക്കാരന് കിട്ടുന്ന ശ്രുതിവാണി. മലയാളത്തിനു പുറമെ ഹിന്ദി, തമിഴ്, ഇംഗ്ലീഷ് ലേഖനങ്ങളും ഒരു സോവനീർ എന്ന വിശേഷണത്തിന് മാസികയെ പ്രാപ്തമാക്കുന്നു.

കടൽക്കാഴ്ചകളും മുക്കുവന്റെ കടൽജീവിതവും പ്രമേയമാക്കിയ ഒരു കഥ മൂല്യശ്രുതിയിൽ വായിച്ചു. 'ഒഫ്ലത്ത്' എന്ന് ശീർഷകം. ലക്ഷദ്വീപുകാരനായ ഇസ്മത്ത് ഹുസൈൻ ആണ് രചയിതാവ്. വ്യത്യസ്തമായ ഒരു പശ്ചാത്തലം വായനക്ഷമമാക്കി അവതരിപ്പിക്കുന്നതിൽ കഥാകാരൻ വിജയിച്ചിട്ടുണ്ട്. ദ്വീപുനിവാസികളുടെ ഭാഷാവൈചിത്ര്യവും വായന ദുഷ്കരമാക്കുന്നില്ല.

സി.കേശവന്റെ 50-ാം ചരമവാർഷികം 2019 ആണെന്ന് അനുസ്മരിപ്പിച്ചുകൊണ്ടുള്ള ഒരവലോകനകുറിപ്പ്, 'ചരിത്രം' എന്ന കുണുക്കിട്ടു മൂല്യശ്രുതിയിൽ ചേർത്തിട്ടുണ്ട്. 'ഒരു കാലഘട്ടത്തിന്റെ അഗ്നിനക്ഷത്രം' എന്ന ലേഖനത്തിന്റെ രചയിതാവ് എം.ജോൺസൺ റോച്ച്. കേശവനെ അടുത്തറിയുവാൻ ഉപകരിക്കുന്നതാണ് ഈ ലേഖനം.

ചിരി മായുന്ന കാലത്തിന്റെ ഉത്കണ്ഠകൾ പങ്കുവയ്ക്കുന്ന രചനകളാൽ സമ്പന്നമാണ് 'എഴുത്ത്' മാസികയുടെ ഒക്ടോബർ ലക്കം. മുഖാമുഖം നോക്കിച്ചിരിക്കാനും, ജനാധിപത്യ-ധാർമികമൂല്യങ്ങൾ സമൂഹത്തിൽ വളർത്താനും നർമബോധം നഷ്ടപ്പെടുത്താതിരിക്കാം എന്ന പത്രാധിപകുറിപ്പിൽ തുടങ്ങുന്നു എഴുത്തിലെ ചിരിവിശേഷങ്ങൾ.

ചിരിയുടെ നാനാർത്ഥങ്ങളെ കുറിച്ച് കെ.പി.രമേഷ്, ചിരി-ഒരു ദിവ്യൗഷധമാണെന്ന സുകുമാർ ലേഖനം, ചിരിക്കണോ കരയണോ എന്ന പോൾ തേലക്കാട്ടിന്റെ ചിന്തനീയമായ ലേഖനം, നന്ദകിഷോറിന്റെ ചിരിയുടെ ചിലമ്പൊച്ചകൾ... ഇത്രയും 'എഴുത്തിൽ' വായിക്കാം. നർമം - ഒരു ദാർശനിക വിചിന്തനം എന്ന ജോൺസൺ പുത്തൻപുരയ്ക്കലിന്റെ വിശകലനം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

## രഘുനാഥ് പലേരി

വാക്കുകളാൽ വിസ്മയചിത്രങ്ങൾ തീർത്ത് ഭാഷയ്ക്ക് സമ്മാനിക്കുന്നതിൽ ഒട്ടും പിശുക്കു പുലർത്തിയിട്ടില്ലാത്ത രഘുനാഥ് പലേരി, സ്വാനുഭവങ്ങളുടെ നർമനൂലുകൾ വിരലുകളിൽ ചുറ്റി ചലിപ്പിച്ച് വായനക്ക് രസം പകരുന്നുണ്ട് എഴുത്ത് മാസികയിൽ. 'എന്റേതായിട്ട് ഞാനൊന്നും എഴുതിയിട്ടില്ല' എന്ന ആമുഖത്തിൽ തുടങ്ങി, അച്ഛൻ, അമ്മ, മകൾ എന്നിങ്ങനെ സ്നേഹം പകർന്നതും കരയിപ്പിച്ചതുമായ അനുഭവങ്ങൾ നർമബോധത്തോടെ പറയുന്നത് നമ്മിൽ വായനയുടെ സുഖാനുഭവങ്ങൾ വളർത്തും.


രഘുനാഥ് പലേരി


മുണ്ടൂർ സേതുമാധവൻ


പി.വി.കൃഷ്ണൻനായർ


സി.ആർ.നീലകണ്ഠൻ

വിവാഹിതനായ മൂന്നാംനാൾ ഒരു ബസ് യാത്രയിൽ വധുവിനെ ബസിൽ മറന്നുവച്ച ആഖ്യാനവും സ്നേഹവായ്പോടെ മാത്രമേ ഒരാൾക്ക് ആസ്വദിക്കാനാകൂ. ചെറുവേദനകളും ഉത്കണ്ഠകളുമൊക്കെ നർമബോധം നഷ്ടപ്പെടാതെ അവതരിപ്പിച്ച ഈ കുറിപ്പ്, 'ചിരി' ലക്കത്തിൽ തന്നെ ചേർത്തത് ഉചിതമായി.

ബി.ആർ.പി ഭാസ്കറുടെ 'ദലിത് മുന്നേറ്റകാലത്തെ ഭേദചിന്തകൾ', കോവിലനെ നേരിൽ സന്ദർശിച്ചതിന്റെ ഓർമ പകർത്തുന്ന വി.കെ.ശ്രീരാമന്റെ ലേഖനം, സി.ജെ.തോമസിനെക്കുറിച്ച് എം.തോമസ് മാത്യുവിന്റെ ലേഖനം എന്നിങ്ങനെ മികച്ച സൃഷ്ടികളാൽ, വായനയുടെ സമ്പൂർണതക്ക് ഉപകരിക്കുന്നുണ്ട് ഒക്ടോബർ ലക്കം എഴുത്ത് മാസിക.

## സാംസ്കാരിക പ്രവർത്തകരുടെ മദ്യസേവ

സർഗശേഷിയെ തൊട്ടുണർത്താൻ മദ്യത്തിനാകുമെന്ന് പറയുന്നത് പുലഭ്യം പറച്ചിലാണ്. സാമൂഹികമായ കുറ്റകൃത്യമാണ് എന്ന തുറന്നുപറച്ചിലുമായി എൻ.പി.ഹാഫിസ് മുഹമ്മദ് വാളെടുത്തിറങ്ങിയത് ഒട്ടൊരു കൗതുകത്തോടെയാണ് വായിച്ചത്.

അദ്ദേഹം തുടരുന്നു: സാംസ്കാരിക പ്രവർത്തകർക്ക് മദ്യപിച്ച് പൊതുവേദികളിൽ പ്രത്യക്ഷപ്പെടാം. ലിറ്ററേച്ചർ ഫെസ്റ്റിവലിലോ ചലച്ചിത്ര മേളയിലോ എന്തും വിളിച്ചുപറയാം. അത് ആവിഷ്കാര സ്വാതന്ത്ര്യമാണെന്ന് സാംസ്കാരിക പ്രവർത്തകർ അവകാശപ്പെടുന്നു. സാമൂഹിക പ്രതിരോധംകൊണ്ട് മുളയിലേ നുള്ളേണ്ട ഒരു സാമൂഹ്യദ്രോഹമാണിത്.

മദ്യം നശിപ്പിച്ച സർഗപ്രതിഭകളുടെ ലിസ്റ്റ് എൻ.പി.പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വില്യം ഫോക്നർ, ആർ.എൽ.സ്റ്റീവൻസൺ, ഹെമിങ്ങ്‌വേ, മലയാളി പ്രതിഭകളുടെ ലിസ്റ്റ് സാമാന്യം ദീർഘിച്ചതാണ്. ചങ്ങമ്പുഴ, ഇടപ്പള്ളി, വയലാർ, ബാബുരാജ്, ജോൺ എബ്രഹാം, എ.അയ്യപ്പൻ, പുനത്തിൽ കുഞ്ഞബ്ദുള്ള, സുരാസു, ഗിരീഷ്, പുത്തഞ്ചേരി, പി.എം.താജ്, മുരളി, നരേന്ദ്രപ്രസാദ്, കലാഭവൻ മണി... ദുരന്തം തിരിച്ചറിഞ്ഞ് ജീവിത സായാഹ്നത്തിൽ മുക്തിനേടിയ ഒരാളുടെ പേരും എൻ.പി. വെളിപ്പെടുത്തിയിട്ടുണ്ട്; കടമ്മനിട്ട രാമകൃഷ്ണൻ.

കലാകാരൻ കാലന്റെ ദൂതനാകരുത്. ഉത്തരവാദിത്വത്തോടെ സമൂഹത്തിൽ ഇടപെടണം. കുടിച്ചോളൂ, കുടിയെ ആദർശവത്കരിക്കരുത് എന്നിങ്ങനെയുള്ള ഉപദേശങ്ങളും എൻ.പി.നൽകുന്നുണ്ട്. കുടിക്കുവാൻ അനുമതി നൽകിയ എൻ.പിയോട് കുടിയന്മാരായ സർഗപ്രതിഭകൾ കടപ്പെട്ടിരിക്കുന്നു! (എൻ.പി ഹാഫിസ് മുഹമ്മദിന്റെ ലേഖനം മൂല്യശ്രുതി മാസികയിൽ).